# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പഴയന്നൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 12) 61/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയന്നൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പഴയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 12) 61/2022 തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ പഴയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പഴയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വി.കെ. രാം മനോഹർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. സുധ ഇ.എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പി.ബി. സുനിൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ. വി.എസ്, ഓഡിറ്റർ
ശ്രീ.സ്വാലിഹ്. സി.പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശോഭന രാജൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ദേവരാജൻ.കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ആർ.ശ്യാംകുമാരൻ | സെക്രട്ടറി | 24-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.അജീഷ്.സി.വൈ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| നിഷ.കെ.ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.മഞ്ജുഷ മേനോൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 13-08-2019 |
| ഡോ.ഉണ്ണിക്കൃഷ്ണൻ.എ.കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 14-08-2019 | 31-03-2020 |
| പ്രവീൺ.ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| പങ്കജം.യു | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പഴയന്നൂർ | 01-04-2019 | 31-03-2020 |
| ദേവരാജൻ.കെ.പി | അസി.സെക്രട്ടറി | 01-04-2019 | 24-07-2019 |
| രശ്മി.പി.വി | അസി.സെക്രട്ടറി | 25-07-2019 | 29-07-2019 |
| ഒഴിവ് | അസി.സെക്രട്ടറി | 30-07-2019 | 07-08-2019 |
| നൈന.കെ.സുകുമാരൻ | അസി.സെക്രട്ടറി | 08-08-2019 | 03-01-2020 |
| ഒഴിവ് | അസി.സെക്രട്ടറി | 04-01-2020 | 05-01-2020 |
| ജയമോൾ ബേബി | അസി.സെക്രട്ടറി | 06-01-2020 | 31-03-2020 |
| മഞ്ജുഷ.പി.എച്ച് | അസി.എഞ്ചിനീയർ | 01-04-2019 | 20-07-2019 |
| സൌമ്യ.എം.പി | അസി.എഞ്ചിനീയർ | 21-07-2019 | 30-07-2019 |
| ആര്യ.കെ.വേണ | അസി.എഞ്ചിനീയർ | 31-07-2019 | 26-08-2019 |
| സൌമ്യ.എം.പി | അസി.എഞ്ചിനീയർ | 27-08-2019 | 16-09-2019 |
| സുനിൽകുമാർ.കെ | അസി.എഞ്ചിനീയർ | 17-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| സരസ്വതി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 02-01-2020 |
| സൌമ്യ.ടി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-01-2020 | 31-03-2020 |
| സുരേഷ് കുമാർ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 13-01-2020 |
| ശ്രീജ.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-01-2020 | 26-01-2020 |
| അനൂപ്.പി.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 27-01-2020 | 31-03-2020 |
| കെ.ആർ.അരുൺകുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 27-09-2019 |
| ബിനോദ്.ജി | വെറ്ററിനറി സർജ്ജൻ | 28-09-2019 | 28-12-2019 |
| കെ.ആർ.അരുൺകുമാർ | വെറ്ററിനറി സർജ്ജൻ | 29-12-2019 | 31-03-2020 |
| അശ്വതി ഗോപിനാഥൻ | കൃഷി ഓഫീസർ | 01-04-2019 | 19-07-2019 |
| വിഷ്ണു.എസ് | കൃഷി ഓഫീസർ | 20-07-2019 | 31-08-2019 |
| ജോസഫ് ജോൺ തേറാട്ടിൽ | കൃഷി ഓഫീസർ | 01-09-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 03-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-1 |
| 2 | ബജറ്റ് നിര്‍ദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും<br>Written By: Ram Manohar V.K (Audit Officer (HG), On 03-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 03-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-1-2 |
| 4 | വാര്‍ഷിക ധനകാര്യ പത്രിക<br>Written By: Sunil.P.B (Asst. Audit Officer, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Sunil.P.B (Asst. Audit Officer, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Sunil.P.B (Asst. Audit Officer, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Sunil.P.B (Asst. Audit Officer, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunil.P.B (Asst. Audit Officer, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-6 |
| 9 | ക്ഷേമപെന്‍ഷനുകള്‍<br>Written By: Sunil.P.B (Asst. Audit Officer, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-7 |
| 10 | ക്യാഷ് ബാലന്‍സ് പരിശോധന<br>Written By: Ram Manohar V.K (Audit Officer (HG), On 03-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-12-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Sunil.P.B (Asst. Audit Officer, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം<br>Written By: Sunil.P.B (Asst. Audit Officer, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-10 |
| 13 | വാര്‍ഷിക കണക്കിലെ അപാകതകള്‍<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-11 |
| 14 | വാര്‍ഷിക ധനകാര്യ പത്രികയില്‍ അടിസ്ഥാന അനുപാതങ്ങള്‍ ഉള്‍പ്പെടുത്തിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-11-1 |
| 15 | വസ്തുനികുതി- അക്രൂവല്‍ സമയത്ത് ഡിമാന്റ് എന്‍ട്രി ഇല്ല<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-11-2 |
| 16 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകള്‍<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-11-3 |

| | | |
|---|---|---|
| 17 | കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-11-4 |
| 18 | 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-11-5 |
| 19 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-11-6 |
| 20 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-11-7 |
| 21 | മുൻകുറുകൾ ക്രമീകരിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-11-8 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-11-9 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-11-10 |
| 24 | ആസ്തികളുടെ ഡിപ്രിസിയേഷൻ അപാകതകൾ<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-11-11 |
| 25 | വായ്പ രജിസ്റ്റർ പരിപാലിക്കുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-11-12 |
| 26 | രസീതുകളുടെ പരിപാലനം - അപാകതകൾ<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-12 |
| 27 | വസ്തു നികുതി അപാകതകൾ<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-13 |
| 28 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-13-1 |
| 29 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-13-2 |
| 30 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി-വരുമാന നഷ്ടം<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-13-3 |
| 31 | അനധികൃത കെട്ടിടങ്ങളുടെ കുടിശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-13-4 |
| 32 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-14 |
| 33 | സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-14-1 |

| | | |
|---|---|---|
| 34 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-14-2 |
| 35 | ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-14-3 |
| 36 | റേഷൻ കടകൾ,കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-14-4 |
| 37 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് - അപാകതകൾ<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-15-1 |
| 38 | പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-15-2 |
| 39 | കടമുറി വാടക - ബൈലോ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-16 |
| 40 | റെഗുലറൈസേഷൻ ഫീ അടവാക്കിയില്ല<br>Written By: Swalih C.P (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-17 |
| 41 | ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-18 |
| 42 | പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ ഭരണസമിതി തീരുമാനം സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 1-19 |
| 43 | കോടത്തൂർ വ്യവസായ പാർക്ക്- ജലസ്രോതസ്സുകളുടെ മലിനീകരണം- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-20 |
| 44 | കുടുംബശ്രീ മാടിമോണി- അനുവദിച്ച തുക തിരികെ ലഭിച്ചിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-21 |
| 45 | സ്മാർട്ട് ക്ലാസ്സ് റൂമിനായി സാങ്കേതികാനുമതി ലഭ്യമാക്കിയ തുകയേക്കാൾ അധികം നൽകി<br>Written By: Jayan VS (Auditor, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-22 |
| 46 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ<br>Written By: Jayan VS (Auditor, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-23 |
| 47 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - SLBP ക്ക് നൽകിയ തുക ക്രമീകരിക്കേണ്ടതാണ്<br>Written By: Jayan VS (Auditor, On 01-11-2021) | 1-24 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 01-07-2022) | |
| 48 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Sudha.E.N (Asst. Audit Officer, On 06-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 1-25 |
| 49 | പഞ്ചായത്ത്കമ്മിറ്റി തീരുമാനം - തുടർനടപടി സ്വീകരിച്ചിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 06-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-26 |
| 50 | ലോഗ് ബുക്ക്- അപാകതകൾ<br>Written By: Sudha.E.N (Asst. Audit Officer, On 06-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-27 |
| 51 | വയബിലിറ്റി ഗ്യാപ് ഫണ്ട് -സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു<br>Written By: Sudha.E.N (Asst. Audit Officer, On 06-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-28 |
| 52 | അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം - സർക്കാർ നിർദ്ദേശം ലംഘിച്ചതിനാൽ 2019-20 വർഷത്തെ വികസനഫണ്ട് കുറവ് ചെയ്തു<br>Written By: Sunil.P.B (Asst. Audit Officer, On 29-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 27-06-2022) | 1-29 |
| 53 | സ്ട്രീറ്റ് ലൈറ്റ് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന ഉപ നികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്<br>Written By: Sunil.P.B (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-30 |
| 54 | തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-31 |
| 55 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം -ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത് ക്രമീകരിക്കേണ്ടതാണ്<br>Written By: Sunil.P.B (Asst. Audit Officer, On 29-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-32 |
| 56 | എളനാട് ഭാഗത്ത് LED തെരുവുവിളക്കുകൾ - സ്ഥാപിക്കപ്പെട്ട് ദിവസങ്ങൾക്കകം പ്രവർത്തനരഹിതമായി<br>Written By: Sunil.P.B (Asst. Audit Officer, On 30-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 07-04-2022) | 1-33 |
| 57 | സ്നേഹക്കൂട്-വയോജനങ്ങൾക്ക് - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല<br>Written By: Sunil.P.B (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-34 |
| 58 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-35 |
| 59 | സമഗ്ര നെൽകൃഷി വികസനം - നെൽവിത്ത് വിതരണ രേഖകൾ ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-36 |
| 60 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -2019 - 2020<br>Written By: Sunil.P.B (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-37 |
| 61 | അസറ്റ് മാനേജ്മെന്റ് മാനുവൽ - നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-38 |
| 62 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ | 1-39 |

| | | |
|---|---|---|
| | ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | |
| 63 | മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-40 |
| 64 | പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തി - 2,99,766 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-41 |
| 65 | ആയുർവേദ ആശുപത്രിയിൽ കുഴൽകിണർ നിർമ്മാണം - അപാകതകൾ - ചെലവ് തുക 76800 രൂപ തടസ്സത്തിൽ വെയ്ക്കുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-42 |
| 66 | കുന്നംപുള്ളി ലൈഫ് ഭവനപദ്ധതി സ്ഥലത്ത് കുടിവെള്ളപദ്ധതി - അപാകതകൾ-പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ച 1,97,149/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-43 |
| 67 | വൃദ്ധർക്ക് പകൽവീട് നിർമ്മാണം പ്രവൃത്തി - അപാകതകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 1-44 |
| 68 | വെള്ളപ്പാറ കുടിവെള്ളപദ്ധതി- അപാകതകൾ (പ്രൊജക്ട് 227/20 )<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-45 |
| 69 | വെള്ളപ്പാറ കുടിവെള്ളപദ്ധതി- അപാകതകൾ (പ്രോജക്ട് 238/20 )-<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-46 |
| | **ഭാഗം 2** | |
| 1 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല<br>Written By: Swalih C.P (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 2-1 |
| 2 | ലൈസൻസ് ഫീ മുഴുവനായി ഈടാക്കിയില്ല<br>Written By: Swalih C.P (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 2-2 |
| | **ഭാഗം 3** | |
| 1 | വെള്ളപ്പാറ കുടിവെള്ളപദ്ധതി- അപാകതകൾ(പ്രൊജക്ട് 238/20 )- 7341 രൂപയുടെ അധികചെലവ് തിരികെ ഈടാക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 04-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകളുടെ വിവരം<br>Written By: Jayan VS (Auditor, On 29-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Jayan VS (Auditor, On 30-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |

| | | |
|---|---|---|
| | Written By: Jayan VS (Auditor, On 29-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayan VS (Auditor, On 29-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം<br>Written By: Sunil.P.B (Asst. Audit Officer, On 14-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 29-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayan VS (Auditor, On 29-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayan VS (Auditor, On 29-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunil.P.B (Asst. Audit Officer, On 04-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Jayan VS (Auditor, On 29-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 12.02.19-ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 15.02.19-ലെ ഭരണസമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 71,03,710/- രൂപയും, പ്രതീക്ഷിത വരുമാനം 35,28,13,050/- രൂപയും ചേർത്ത് ആകെ വരവ് 35,99,16,760/- രൂപയും ആകെ ചെലവ് 35,54,12,500/- രൂപയും നീക്കിബാക്കി 45,04,260/- രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 06.03.19-ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. 16.03.20-ലെ പ്രത്യേക യോഗത്തിലെ തീരുമാനം 1(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 07.02.20-ലെ തീരുമാനം 5(1) പ്രകാരം അംഗീകരിച്ച) 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 2,65,06,637/- രൂപയും, പ്രതീക്ഷിത വരുമാനം 30,95,53,105/- രൂപയും ചേർത്ത് ആകെ വരവ് 33,60,59,742/- രൂപയും ആകെ ചെലവ് 32,29,65,000/- രൂപയും നീക്കിബാക്കി 1,30,94,742/- രൂപയും ആണ്. പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും

1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15-ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | 12.12.18 | സമയപരിധിക്കകം |
| വികസനം | 12.12.18 | സമയപരിധിക്കകം |
| ക്ഷേമകാര്യം | ഇല്ല | - |

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും നിർദ്ദേശങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ ആയവകൂടി ക്രോഡീകരിച്ച് പൂർണ്ണ ബജറ്റ് നിർദ്ദേശങ്ങൾ ചർച്ചചെയ്യുന്നതിന് 06.02.19-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 7(1) പ്രകാരം നിശ്ചയിച്ചു. എന്നാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും

കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ ചെയ്തതും പഞ്ചായത്ത് അംഗീകരിച്ചതും ആയ ബജറ്റിൽ മേൽ വിവരിച്ച പ്രകാരം പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാക്കിയ ബജറ്റ് ചട്ട വ്യവസ്ഥ പാലിക്കപ്പെട്ടതല്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച് വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I) പ്രതിമാസ അവലോകനം

02.12.2016-ലെ ജി.ഒ(ആർ.റ്റി)നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാനുവൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

(ii) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ/ഭരണസമിതി തീരുമാന പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

2018-19-ൽ ആരംഭിച്ച് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്ന 94 പ്രോജക്ടുകൾ സ്പിൽഓവർ ആക്കുന്നതിന് 29.05.19-ലെ ഭരണസമിതി തീരുമാനം 16(6) പ്രകാരം തീരുമാനിച്ചു എങ്കിലും ബജറ്റ് പുതുക്കിയില്ല.

21.08.19-ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 1(1) പ്രകാരം, 2019-20-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 40 പുതിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും, തീരുമാനം 1(2) പ്രകാരം 4 പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനും, തീരുമാനം 1(3) പ്രകാരം 8 പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 16.03.20-ൽ ചേർന്ന പ്രത്യേകയോഗത്തിലെ തീരുമാനം നമ്പർ 1(1) അനുസരിച്ച് 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയപ്പോൾ 2019-20-ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. ഇപ്രകാരം 2020-21ലെ ബജറ്റ് അംഗീകരിക്കുമ്പോൾ മാത്രം 2019-20-ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത് പ്രസ്തുത സാമ്പത്തിക വർഷത്തിൽ (2019-20) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 23.07.2020 |

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 39169046 |
| ഓഡിറ്റ് വർഷത്തെ വരവ് | 98693471 |
| ആകെ | 137862517 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 92623827 |
| നീക്കിയിരിപ്പ് | 45238690 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ (ACR പ്രകാരം) | 0 | 20533835 | 20533835 | 16990474 | 3543361 |
| വികസന ഫണ്ട് - എസ്.സി.പി (ACR പ്രകാരം) | 0 | 16793118 | 16793118 | 6374071 | 10419047 |
| വികസന ഫണ്ട് - ടി.എസ്.പി (ACR പ്രകാരം) | 0 | 601294 | 601294 | 50000 | 551294 |
| മെയിൻറനൻസ് റോഡ് (ACR പ്രകാരം) | 0 | 17674000 | 17674000 | 2983033 | 14690967 |
| മെയിൻറനൻസ് നോൺ റോഡ് (ACR പ്രകാരം) | 0 | 6814000 | 6814000 | 3144712 | 3669288 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ACR പ്രകാരം) - Basic Grant | 0 | 18049449 | 18049449 | 5000554 | 13048895 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി/ മെറ്റീരിയൽ വർക്ക് | 0 | 82481000 | 82481000 | 82481000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1078 | 1754810 | 1755888 | 1755888 | 0 |
| | ആകെ | 1078 | 84235810 | 84236888 | 84236888 | 0 |
| Integrated Waste Land Development - Haryali (320100103) | | 283132 | 9707 | 292839 | 0 | 292839 |
| TSC (320100115) | | 561036 | 21000 | 582036 | 582036 | 0 |
| ICDS (320100121) | | 1035632 | 2379983 | 3415615 | 1719065 | 1696550 |
| ODF (320100199) | | 54712 | 0 | 54712 | 54712 | 0 |
| CHIYAK (320100199) | | 16848 | 0 | 16848 | 0 | 16848 |
| Beti Bachao Beti Padhavo (320100299) | | 0 | 0 | 0 | 0 | 0 |
| SAGY Central Share (320100299) | | 50000 | 0 | 50000 | 50000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| Central Share For Child Friendly Toilet In Pazhayannur (320100299) | | 12000 | 0 | 12000 | 0 | 12000 |
| MLA Fund | | 0 | 0 | 0 | 0 | 0 |
| Renovation Of Veterinary Hospital (320200305) | | 108 | 0 | 108 | 0 | 108 |
| Fund From Tribal Development Officer - ST Development (320200305) | | 120000 | 0 | 120000 | 0 | 120000 |
| Grant For Keralotsavam (320200323) | | 20000 | 20000 | 40000 | 40000 | 0 |
| Funds From PIU - Jalanidhi Towards Pipeline Shifting (320200399) | | 114691 | 0 | 114691 | 0 | 114691 |
| Amount From Jalanidhi (320300102) | | 0 | 286526 | 286526 | 0 | 286526 |
| Donation Towards LIFE Bhavana Padhathi (320200399) | | 400000 | 0 | 400000 | 0 | 400000 |
| Suchithwa Mission Fund For Community Toilet (320300103) | | 1100000 | 939748 | 2039748 | 1293346 | 746402 |
| 329300199 - Grants, Funds & Contributions For Specific Purposes - Other Government Agencies | MN Laksham Veedu (320300199) | 310000 | 0 | 310000 | 0 | 310000 |
| | Vimukthi (320300199) | 50797 | 0 | 50797 | 0 | 50797 |
| | Challenge Fund For Kudumbasree (State Poverty Eradication Mission) | 0 | 400428 | 400428 | 0 | 400428 |
| | Amount From Tree Auction (Pattukottukavu) | 0 | 930 | 930 | 0 | 930 |
| | Pre Monsoon Campaign (Receipt No. | 124036 | 0 | 124036 | 0 | 124036 |

| | | | | | | |
|---|---|---|---|---|---|---|
| | 117010900080 Dated 31.03.2018) (320300199) | | | | | |
| | Pre Monsoon Campaign (Receipt No. 117010900080 Dated 31.03.2018) (320300199) | 27566 | 0 | 27566 | 0 | 27566 |
| | Amount From District Saksharatha Mission (Receipt No. 1180109000155 Dated 31.03.2019) (320300199) | 212956 | 0 | 212956 | 0 | 212956 |
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് (320700204) | 1806719 | 2450575 | 4257294 | 2671015 | 1586279 |
| | ജില്ലാ പഞ്ചായത്ത് (320700205) | 14247 | 0 | 14247 | 14247 | 0 |
| ഗുണഭോക്തൃവിഹിതം (320800101) | | 11550 | 0 | 11550 | 0 | 11550 |
| Chief Ministers Haritha Award From Haritha Mission (320900299) | | 0 | 300000 | 300000 | 0 | 300000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 294 | 257921550 | 90 | 73759220 | 39 | 165 | 31 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി/ മെറ്റീരിയൽ വർക്ക് | 0 | 82481000 | 82481000 | 82481000 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1078 | 1754810 | 1755888 | 1755888 | 0 |
| ആകെ | 1078 | 84235810 | 84236888 | 84236888 | 0 |

| | | | | | |
|---|---|---|---|---|---|
| 100 Days Incentive | 0 | 838000 | 838000 | 838000 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1680 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 5287800 | 2753 |
| വിധവാ പെൻഷൻ | 9867000 | 4202 |
| വാർദ്ധക്യകാല പെൻഷൻ | 17039700 | 8520 |
| വികലാംഗ പെൻഷൻ | 2800700 | 1405 |
| 50 വയസിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1363800 | 631 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2021 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,656/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 19.11.2020 | 2/2020 - 3/2020 | |
| അക്കൗണ്ടന്റ് ജനറൽ | 04.11.2016 | 2011-12 മുതൽ 2015-16 വരെ | 07.01.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-11-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-11-2 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

1/4/2019-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം

17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 607 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20-ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

3.1 തൻവർഷം

3.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2614250 | 2133776 | 40192 | 496647 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2614250 | 2133776 | 41997 | *496945 |
| | (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(521792/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

3.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാക്കി |
|---|---|---|---|---|

| | | | ക്രമീകരിച്ചത് | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 37,22,932 | 31,27,411 | 10715 | 602187 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 37,22,932 | 31,27,411 | 11153 | 603145 |
| | (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(633302/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

3.2 കുടിശ്ശിക

3.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 10,50,289 | 8,58,524 | 1,91,765 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *13,21,544 | 8,58,524 | **2,02,699 |
| | *(2018-19-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (724580+663041= 1387621/105*100) =13,21,544 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (212834/105X100) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

3.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 18,92,609 | 8,85,856 | 10,06,753 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 22,57,827 | 8,85,856 | 10,08,953 |
| | (2018-19-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1179807+1190911= 2370718 /105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(1059401/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസി ഡൻഷ്യൽ | 133830 | 61371 | 195201 | 108750 | 40302 | 149082 | 1805 | | 25145 | 211069 | 46214 |
| | നോൺ-റെസി ഡൻഷ്യൽ | 188787 | 100793 | 289580 | 157900 | 48145 | 206045 | 438 | | 31115 | 52648 | 83763 |
| | ആകെ | | | 4,84,781 | | | 3,55,127 | | | 129977 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 512045 | | | 3,55,127 | | | | 355127 | 1,29,977 | | |
| | | ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 – State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt. Cess/levies.. ലെഡ്ജർ 2019-20) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

3.4 സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി.രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്- (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല (ഉദാ:- 3.1.2, 3.3 എന്നീ പട്ടികകൾ).

## 1-11-4 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3 ഡി&ഒ ഡിമാന്റ് രജിസ്റ്റർ

4.4 വാടക ഡിമാന്റ് രജിസ്റ്റർ

## 1-11-5 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000 – Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 262,820 |

| | |
|---|---|
| 280100102 Prior Period Income -Profession Tax -Institutions/Professionals/Traders | (-) 3870 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 363516 |
| 280200201-Prior Period Income-License Fees | (-) 9680 |
| 280200401-Prior Period Income-Other Income | (-) 723324 |
| 280800701-Prior Period-Miscellaneous Expenses | (-) 1884897 |

## 1-11-6 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-7 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ഇനം | തീയതി | തുക |
|---|---|---|---|
| 340100101 | Contractors EMD | 09.01.13 | 2500 |
| | | 09.01.13 | 5000 |
| 340100102 | Suppliers EMD | 08.07.16 | 5000 |
| | | 08.07.16 | 5000 |
| | | 23.09.16 | 5000 |
| | | 08.12.16 | 4000 |
| | | 04.08.17 | 1500 |
| | | 04.08.17 | 1500 |
| | | 08.10.17 | 1500 |
| 340100103 | Bidders EMD | 11.08.14 | 500 |
| | | 24.10.14 | 5000 |
| | | 24.10.14 | 5000 |
| | | 24.10.14 | 1000 |
| | | 12.12.17 | 5000 |
| | | 07.06.16 | 5000 |
| | | 17.09.16 | 15000 |
| | | 27.09.16 | 15000 |
| | | 01.08.17 | 2500 |
| | | 01.08.17 | 5000 |
| | | 01.08.17 | 1500 |
| | | 15.12.17 | 1500 |
| | | 15.12.17 | 1500 |

| | | | |
|---|---|---|---|
| | | 31.08.17 | 1500 |
| 340100202 | Suppliers Security Deposit | 26.09.17 | 3500 |
| | | 30.12.17 | 5000 |
| 340109901 | Other Deposits | 14.05.14 | 11000 |
| | | 12.10.15 | 500 |
| | | 12.10.15 | 500 |
| | | 12.10.15 | 1000 |
| | | 14.10.15 | 1000 |
| | | 14.10.15 | 1000 |
| | | 18.7.17 | 1500 |
| 340200102 | Auction Deposit | 11.03.14 | 1300 |
| | | 11.08.14 | 3500 |
| | | 18.08.14 | 10000 |
| | | 19.06.14 | 2750 |
| | | 26.11.14 | 14000 |
| 340200106 | Deposit Received For Halls And Auditorium | 19.05.15 | 2000 |
| | | 03.11.16 | 2000 |
| | | 21.01.17 | 2000 |
| 340200199 | Other Deposits- Revenue | 04.04.14 | 720 |
| | | 24.04.14 | 600 |
| | | 29.04.14 | 720 |
| | | 13.05.14 | 1345 |
| | | 27.05.14 | 720 |
| | | 25.06.14 | 480 |
| | | 26.06.14 | 65 |
| | | 27.06.14 | 3780 |
| | | 26.08.14 | 120 |
| | | 31.03.14 | 8130 |
| | | 31.03.14 | 1895 |
| | | 31.03.14 | 2248 |
| | | 31.03.14 | 8892 |
| | | 29.09.14 | 65 |
| | | 11.11.14 | 540 |
| | | 30.12.14 | 840 |
| | | 24.02.15 | 1030 |
| | | 26.02.15 | 120 |
| | | 26.02.15 | 240 |
| | | 27.03.15 | 720 |
| | | 27.03.15 | 6142 |
| | | 27.03.15 | 510 |
| | | 02.01.15 | 360 |
| | | 28.12.15 | 720 |
| | | 30.12.15 | 20 |
| | | 13.06.15 | 2000 |

| | | | |
|---|---|---|---|
| | | 18.04.15 | 500 |
| | | 23.04.15 | 720 |
| | | 04.05.15 | 540 |
| | | 15.05.15 | 720 |
| | | 29.10.15 | 900 |
| | | 29.10.15 | 980 |
| | | 11.02.16 | 1440 |
| | | 09.09.16 | 1250 |
| | | 07.04.16 | 720 |
| | | 12.04.16 | 720 |
| | | 03.03.17 | 100 |

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാൻ പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-11-8 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

താഴെ പറയുന്ന മുൻകൂറുകൾ തുക നൽകി ദീർഘകാലമായിട്ടും ക്രമീകരിക്കാതെ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന ഇനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ശീർഷകം | ഇനം | വൗച്ചർ നമ്പറും തീയതിയും | അഡ്വാൻസ് കൈപ്പറ്റിയ ഏജൻസി/ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| 460100103-Temporary Advance For Official Purpose | Keralotsavam | 21700679/28.09.17 | Secretary | 25,000 |
| 460500202-Advance To Implementing Agencies - KSEB | Street Main Extension (Proj.No.232/18) | 21701406/25.07.17 | KSEB, Pazhayannur | 4,13,530 |
| | Post Shifting Charge | 21800633/27.09.18 | KSEB, Pazhayannur | 15,551 |
| 460500499-Advance To Other Accredited Agencies | Proj.No. 57/17-Solid Waste Management Plant | 21601369/25.03.17 | IRTC, Mundur, Palakkad | 10,00,000 |

മുൻകൂർ ക്രമീകരിക്കുന്നതിനുള്ള തുടർനടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-11-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 60,69,644/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11743268/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും

പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-11 ആസ്തികളുടെ ഡിപ്രിസിയേഷൻ അപാകതകൾ

(എ) 31/3/2020-ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Assetsഎന്ന ആസ്തിക്ക് 2,20,776/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2020-ലെ Accumalated Depreciation 8,51,301 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

(ബി) Movable Assets –Vehicles എന്ന ശീർഷകത്തിൽ ആസ്തിയുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. വാഹന ഇനത്തിലുള്ള ആസ്തികളുടെ വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

(സി) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 ൽ ഉൾപ്പെട്ട 410100199 - Land Others എന്ന ആസ്തി ഒഴികെയുള്ള ആകെ ആസ്തികളുടെ മൂല്യം 14,74,82,791/- രൂപയാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഡിപ്രീസിയേഷൻ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2020 വരെ ആർജ്ജിച്ച ആസ്തികളുടെ മൂല്യം 12,60,07,473/- രൂപയായി പരിഗണിച്ച് ടി തുകയിൻമേലാണ് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത്.

## 1-11-12 വായ്പ രജിസ്റ്റർ പരിപാലിക്കുന്നില്ല

330500201 – Secured Loans – Loan From KURDFC എന്ന ശീർഷകത്തിൽ നാളിതു വരെ ലോൺ അനുവദിച്ച തുക, നാളിതു വരെയുള്ള തിരിച്ചടവ്, തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക എന്നിവ കാണിക്കുന്ന രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-12 രസീതുകളുടെ പരിപാലനം - അപാകതകൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. 6653, 6654, 49024, 49025, 49026, 49028, 49029 എന്നീ രസീത് ബുക്കുകളിൽ രസീത് കൗണ്ട് സർട്ടിഫൈ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90 (ബി)-യിലെ കുറിപ്പ് 2 )

2. രസീതുകളിൽ തുക വെട്ടി തിരുത്തി എഴുതിയിട്ടുണ്ട്. ഉദാ: 6654 രശീതി പുസ്തകത്തിൽ 14 മുതൽ 17 വരെയുള്ള രശീതികളും, 59-ാം നമ്പർ രശീതിയും ഈ നടപടി ചട്ട വിരുദ്ധമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 11)

3. 6653, 49028, 49029, 49038 എന്നീ രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം ക്യാൻസൽ ചെയ്തിട്ടില്ല.

4. 49033 എന്ന രസീത് ബുക്കിലെ കളക്ഷൻ വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച് തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. എന്നാൽ 6.2.2020 ന ശ്രീ.ജിജോയ്ക്ക് നൽകിയ 49023 എന്ന രസീത് ബുക്ക് ഉപയോഗിച്ചിട്ടില്ല എന്നിരിക്കെ, 27.1.2021 ന പ്രസ്തുത ജീവനക്കാരന് 49034 എന്ന രസീത് ബുക്ക് നൽകുകയും ആയത് ഉപയോഗിച്ച് തീരുന്ന മുറക്ക് പുതിയ രസീത് ബുക്കുകൾ നൽകുകയും ചെയ്തിട്ടുണ്ട്. 29.1.2021 തീയതിയിൽ 49038, 49039 എന്നീ രസീത് ബുക്കുകൾ നൽകിയിട്ടുണ്ട്. 49038 നമ്പർ രസീത് ബുക്കിലെ 59 രസീതുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. അതായത് 29.1.2021 തീയതിയിൽ പ്രസ്തുത ജീവനക്കാരൻ 2 ഉപയോഗിക്കാത്ത രസീത് ബുക്കുകൾ അടക്കം 3 രസീത് ബുക്കുകൾ കൈവശം വെച്ചിട്ടുണ്ട്.

6. രസീത് നമ്പർ 70/6654 തീ 11.12.2019 പ്രകാരം ഈടാക്കിയ തുക 1399 രൂപയാണ്. എന്നാൽ കളക്ഷൻ രജിസ്റ്റർ പ്രകാരം പ്രസ്തുത രസീത് പ്രകാരം ഈടാക്കിയ തുക 829 രൂപയാണ്. പ്രസ്തുത തീയതിയിൽ രസീത് നമ്പർ 70-74 /6654 പ്രകാരം ആകെ ഈടാക്കിയ തുക 6174 രൂപയും കളക്ഷൻ രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ അടവാക്കിയ തുക 5604 രൂപയുമാണ്. അതായത് രസീത് നമ്പർ 70/6654 പ്രകാരം ഈടാക്കിയ 1399-ൽ 570/- രൂപ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിട്ടില്ല. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

7. രസീത് നമ്പർ 39/49031 തീ. 25.8.2020 ക്യാൻസൽ ചെയ്തതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രസീത് ബുക്കിൽ പ്രസ്തുത രസീത് ക്യാൻസൽ ചെയ്തിട്ടില്ല.

8. താഴെ കാണുന്ന തുകകൾ പാസ് ബുക്കിൽ വരവ് വന്നിട്ടുണ്ടെങ്കിലും ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | തീയതി | തുക |
|---|---|---|
| 1 | 30.9.2019 | 28250 |
| 2 | 3.10.2019 | 24350 |
| 3 | 4.10.2019 | 24750 |
| 4 | 5.10.2019 | 6250 (5000+1250) |
| 5 | 29.2.2020 | 87750 (59500+12500+15750) |
| 6 | 4.3.2020 | 26750 |
| 7 | 9.3.2020 | 6000 |
| 8 | 11.2.2021 | 255150 |
| 9 | 17.3.2021 | 392643 |
| 10 | 25.6.2021 | 817554 |

9. ഡേ ബുക്ക് പ്രകാരം കളക്ഷൻ വന്ന താഴെ കാണുന്ന തുകകൾ ബാങ്കിൽ അടവാക്കപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | തീയതി | തുക |
|---|---|---|
| 1 | 25.2.2020 | 28000 (23000+ 1250*4) |
| 2 | 30.3.2020 | 720 |
| 3 | 11.6.2020 | 1510 |
| 4 | 24.6.2020 | 36981 (5404+5334+9569+8337*2) |
| 5 | 15.10.2020 | 8750 |
| 6 | 1.10.2021 | 49441 (8498+6180+6953+9270*3) |
| 7 | 12.10.2021 | 11594 |

10. സർക്കുലർ 58725/എഫ്.എം.3.2008/ത.സ്വ.ഭ.വ/26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല. പഞ്ചായത്തിന് പഴയന്നൂർ ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലും കാനറാ ബാങ്കിലും തനത് ഫണ്ടിനായി അക്കൗണ്ടുണ്ട്. പ്രസ്തുത അക്കൗണ്ടുകളിലെ 31.3.2021 ലെ ബാലൻസ് താഴെ കാണും വിധമാണ്.

| പഴയന്നൂർ ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | കാനറാ ബാങ്ക് |
|---|---|
| 6175103.6 | 21765275.16 |

മേൽപ്പറഞ്ഞ അപാകതകൾക്ക് മറുപടി നല്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23.10.21) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ മേൽപ്പറഞ്ഞ അപാകതകൾക്കുള്ള മറുപടി ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതും, രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും ഭാവിയിൽ കർശനമായും പാലിക്കേണ്ടതും ക്രമ നമ്പർ 6-ൽ പറഞ്ഞിട്ടുള്ള തുക പഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപെട്ടു നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/28.10.21) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ പങ്ക് ആണ് വസ്തു നികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്ന പരിഹരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13-1 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. പഞ്ചായത്തിൽ പ്രസ്തുത ഇളവിന് അർഹയാവരുടെ അപേക്ഷകൾ/സാക്ഷ്യപത്രം, 2019-20 സാമ്പത്തിക വർഷത്തെ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഇളവ് നൽകിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാൻ തുടർനടപടി ഉണ്ടാകേണ്ടതാണ്.

## 1-13-2 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. അതിനാൽ ചട്ടപ്രകാരം പഞ്ചായത്തിന് അർഹതപ്പെട്ട നികുതി കണക്കാക്കി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാൻ തുടർനടപടി ഉണ്ടാകേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 19/524 | എം.ഇ.വിഷ്ണു നമ്പൂതിരി, മരങ്ങോട്ടില്ലം | B1/4308/19 17.6.2019 | 1.4.2019-30.9.2019 |
| 2 | 13/682-684 | അബ്ദുൽ റഹ്മാൻ, ചെരിക്കാത്തൊടി | B2/2772/19 27.9.2019 | 9.4.2019-30.9.2019 |
| 3 | 13/341 A-D,G-Q,S,T | മുജീബ് റഹ്മാൻ, നവ്യത്തു ഹൗസ് | B2/2884/19 27.9.2019 | 16.4.2019-30.9.2019 |
| 4 | 13/683,684 | അബ്ദുൽ റഹ്മാൻ, ചെരിക്കാത്തൊടി | B2/7138/19 30.3.2020 | 1.10.2019-31.3.2020 |
| 5 | 19/524 | എം.ഇ.വിഷ്ണു നമ്പൂതിരി, മരങ്ങോട്ടില്ലം | B1/8135/19 7.11.2019 | 1.10.2019-31.3.2020 |

## 1-13-3 കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി-വരുമാന നഷ്ടം

സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 30/- രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 50/- രൂപയും ആണ്. വാർഡ് 22-ലെ സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ 100 ച: മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 50/- രൂപക്ക് പകരം 30/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണം (ച:മീറ്റർ) | കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി (വിസ്തീർണംx 50) | സഞ്ചയ പ്രകാരം അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് /വർദ്ധനവ് | സഞ്ചയ പ്രകാരമുള്ള ഡിമാൻഡ് | യഥാർത്ഥത്തിൽ ഡിമാൻഡ് ചെയ്യേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 22/615 | 118 | 5900 | 10 % ഇളവ് 20 % വർദ്ധനവ് | 4089 | 6815 | 2726 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 22/824 | 121 | 6050 | 20 % വർദ്ധനവ് | 4574 | 7623 | 3049 |
| 3 | 22/825 | 121 | 6050 | 20 % വർദ്ധനവ് | 4574 | 7623 | 3049 |
| 4 | 22/826 | 121 | 6050 | 20 % വർദ്ധനവ് | 4574 | 7623 | 3049 |
| 5 | 22/930 | 110 | 5500 | 20 % വർദ്ധനവ് | 4158 | 6930 | 2772 |
| 6 | 22/970 | 146 | 7300 | 40 % ഇളവ് | 2760 | 4599 | 1839 |
| 7 | 22/1067 | 134.15 | 6708 | 20 % വർദ്ധനവ് | 5072 | 8453 | 3381 |
| 8 | 22/1068 | 127 | 6350 | 5 % ഇളവ്<br>20 % വർദ്ധനവ് | 4562 | 7667 | 3105 |
| 9 | 22/1069 | 120.6 | 6030 | 10 % ഇളവ്<br>20 % വർദ്ധനവ് | 4104 | 6965 | 2861 |
| ആകെ | | | | | | | 25831 |

* ഡിമാൻഡ് = (( അടിസ്ഥാന നികുതി - ഇളവ് ) + വർദ്ധനവ് ) + ലൈബ്രറി സെസ്സ് (5% )

നാളിതുവരെ കുറവായി ഈടാക്കിയ വസ്തുനികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കേണ്ടതാണ്.

## 1-13-4 അനധികൃത കെട്ടിടങ്ങളുടെ കുടിശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

സഞ്ചയയിൽ ലഭ്യമായിട്ടുള്ള അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചപ്പോൾ താഴെ കാണുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി 5 വർഷത്തിൽ കൂടുതലായി കുടിശ്ശികയായിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ | കുടിശ്ശിക | |
|---|---|---|---|---|
| | | | കാലയളവ് | തുക |
| 1 | 19/567 UA | രമ ദേവദത്തൻ | 2015-16 സാമ്പത്തിക വർഷം മുതൽ | 14294 |
| 2 | 19/567 UB,UC,UD,UF,UG | രമ ദേവദത്തൻ | 2015-16 സാമ്പത്തിക വർഷം മുതൽ | 47635 (9527*5) |
| 3 | 19/567 UE | രമ ദേവദത്തൻ | 2015-16 സാമ്പത്തിക വർഷം മുതൽ | 8736 |
| 4 | 18/307 UA | സെക്രട്ടറി, പ്രസിഡന്റ്, ശ്രീ അയ്യപ്പ സ്വാമി ക്ഷേത്ര സമിതി വെള്ളപ്പാറ | 2013-14 സാമ്പത്തിക വർഷം മുതൽ | 6948 |
| 5 | 16/1071 UA | രാജൻ | 2015-16 സാമ്പത്തിക വർഷം മുതൽ | 5720 |
| 6 | 14/219 UA | ഹംസ & സാഹിറ | 2013-14 സാമ്പത്തിക വർഷം മുതൽ | 6734 |
| ആകെ | | | | 90067 |

കുടിശിക എത്രയും പെട്ടെന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കുടിശ്ശിക ഈടാക്കാൻ സാധിക്കാതെ വരികയാണെങ്കിൽ നികുതി യഥാസമയം ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയവരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/28.10.2021), മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

### 1-14-1 സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് നികുതി പിരിച്ചെടുക്കുവാൻ നടപടി ഉണ്ടാകേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | മധുര മൈക്രോ ഫിനാൻസ് | ഒന്നാം അർദ്ധവർഷം |
| 2 | ക്ഷീരോല്പാദക സഹകരണ സംഘം, വടക്കേത്തറ | ഒന്നാം അർദ്ധവർഷം |
| 3 | ഫുഡ് ആൻഡ് സേഫ്റ്റി ഓഫീസ്, ചേലക്കര | ഒന്നാം അർദ്ധവർഷം |

| | | |
|---|---|---|
| 4 | ക്ഷീരോല്പാദക സഹകരണ സംഘം,എളനാട് | രണ്ടാം അർദ്ധവർഷം |
| 5 | നിർമിതി ഉപകേന്ദ്രം, പഴയന്നൂർ | രണ്ടാം അർദ്ധവർഷം |
| 6 | പോസ്റ്റ് ഓഫീസ്, പഴയന്നൂർ | രണ്ടാം അർദ്ധവർഷം |
| 7 | പോസ്റ്റ് ഓഫീസ്, വടക്കേത്തറ | രണ്ടാം അർദ്ധവർഷം |
| 8 | പോസ്റ്റ് ഓഫീസ്, കല്ലേപ്പാടം | രണ്ടാം അർദ്ധവർഷം |
| 9 | ഓഫീസ് ഓഫ് ദി അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | രണ്ടാം അർദ്ധവർഷം |
| 10 | റംല സൂപ്പർ മാർക്കറ്റ് ആൻഡ് ബേക്സ് | രണ്ടാം അർദ്ധവർഷം |
| 11 | ക്ലിയർ ലാക് പെയിന്റ്സ് | രണ്ടാം അർദ്ധവർഷം |
| 12 | മുത്തൂറ്റ് ഫിൻ ലിമിറ്റഡ്, പഴയന്നൂർ | രണ്ടാം അർദ്ധവർഷം |
| 13 | ഗ്രാമ ന്യായാലയ,പഴയന്നൂർ | രണ്ടാം അർദ്ധവർഷം |
| 14 | കേരള ഗ്രാമിൺ ബാങ്ക്,വടക്കേത്തറ | രണ്ടാം അർദ്ധവർഷം |
| 15 | കുടുംബശ്രീ ഓഫീസ്,പഴയന്നൂർ | രണ്ടാം അർദ്ധവർഷം |
| 16 | കളേഴ്സ് മെറ്റൽ കോട്സ് | രണ്ടാം അർദ്ധവർഷം |
| 17 | സിസ്റ്റൺ കോളേജ് | രണ്ടാം അർദ്ധവർഷം |
| 18 | മുത്തൂറ്റ് ഫിൻകോർപ് ലിമിറ്റഡ്, പഴയന്നൂർ | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |
| 19 | നവോദയ മെഡിക്കൽ സെന്റർ, പഴയന്നൂർ | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |
| 20 | അന്നപൂർണ സൂപ്പർ മാർക്കറ്റ് | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |
| 21 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, വെന്നൂർ | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |
| 22 | പരസ്പര സഹായസഹകരണ സംഘം, പഴയന്നൂർ | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |
| 23 | ത്രിവേണി സൂപ്പർ മാർക്കറ്റ്, പഴയന്നൂർ | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |

## 1-14-2 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243-ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

| ക്രമ നം. | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | രാഹുൽ നാരായണൻ, ജൂനിയർ അസിസ്റ്റന്റ് | മണപ്പുറം ഫിൻ ലിമിറ്റഡ് എളനാട് | ഒന്നാം അർദ്ധവർഷം | 63642 | 600 | 450 | 150 |
| 2 | രമ്യ ജോർജ്, ജൂനിയർ അസിസ്റ്റന്റ് | മണപ്പുറം ഫിൻ ലിമിറ്റഡ് എളനാട് | ഒന്നാം അർദ്ധവർഷം | 63642 | 600 | 300 | 300 |
| 3 | വിജയകുമാർ, ജനറൽ മാനേജർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ | 162000 | 1250 X 2 = 2500 | 180 X 2 =360 | 2140 (1070*2) |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ഷീജ ഗിരീഷ്, അക്കൗണ്ടന്റ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 73560 | 600 X 2 = 1200 | 120 X 2 = 240 | 960 (480*2) |
| 5 | സൗരഭ്യ റിജോ, ഫ്രന്റ് ഓഫീസ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 65700 | 600 X 2 = 1200 | 120 X 2 = 240 | 960 (480*2) |
| 6 | പ്രദീപ് പി എൻ, ബാർമാൻ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 73560 | 600 X 2 = 1200 | 120 X 2 = 240 | 960 (480*2) |
| 7 | സതീഷ് ഇ, ബാർമാൻ | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 73560 | 600 | 120 | 480 |
| 8 | രതീഷ്, ബാർമാൻ | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 73560 | 600 | 120 | 480 |
| 9 | രവികുമാർ, കുക്ക് | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 73560 | 600 X 2 = 1200 | 120 X 2 = 240 | 960 (480*2) |
| 10 | ഗോപീകൃഷ്ണൻ, ബില്ലിംഗ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 60660 | 600 | 120 | 480 |
| 11 | അനീഷ് കെ, വെയ്റ്റർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 60660 | 600 | 120 | 480 |
| 12 | ജിതേഷ്, ബില്ലിംഗ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 60660 | 600 | 120 | 480 |
| 13 | വേണുഗോപാൽ, ബില്ലിംഗ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 60660 | 600 | 120 | 480 |
| 14 | രാധാകൃഷ്ണൻ, വെയ്റ്റർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 60660 | 600 | 120 | 480 |
| 15 | സുഭാഷ്, വെയ്റ്റർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 60660 | 600 X 2 = 1200 | 120 X 2 = 240 | 960 (480*2) |
| 16 | ജനാർദ്ദനൻ, വെയ്റ്റർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 60660 | 600 X 2 = 1200 | 120 X 2 = 240 | 960 (480*2) |
| 17 | ജലജ, ബില്ലിംഗ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 60660 | 600 X 2 = 1200 | 120 X 2 = 240 | 960 (480*2) |
| 18 | രഘു, പർച്ചേസർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 60660 | 600 X 2 = 1200 | 120 X 2 = 240 | 960 (480*2) |
| 19 | പ്രവീൺ, അസിസ്റ്റന്റ് കുക്ക് | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 65700 | 600 | 120 | 960 (480*2) |

| | | | | | | | |
|---|---|---|---|---|---|---|---|
| 20 | രാജി വിജയകമാർ, ഹൗസ് കീപ്പിങ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450 X 2 = 900 | 120 X 2 = 240 | 660 (330*2) |
| 21 | ശ്രീജ, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450 X 2 = 900 | 120 X 2 = 240 | 660 (330*2) |
| 22 | ലത ഉണ്ണികൃഷ്ണൻ, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450 X 2 = 900 | 120 X 2 = 240 | 660 (330*2) |
| 23 | ഷാജിത, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450 X 2 = 900 | 120 X 2 = 240 | 660 (330*2) |
| 24 | ശാലിനി, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450 X 2 = 900 | 120 X 2 = 240 | 660 (330*2) |
| 25 | സുമിത്ര, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450 X 2 = 900 | 120 X 2 = 240 | 660 (330*2) |
| 26 | പ്രിനി വിജയകമാർ, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450 X 2 = 900 | 120 X 2 = 240 | 660 (330*2) |
| 27 | പ്രിയങ്ക ജെ എസ്, ഒ എ | ഗ്രാമ ന്യായാലയ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 133300 | 1250 | 1000 | 250 |
| 28 | പ്രീതി രാംമോഹൻ, വൈസ് പ്രിൻസിപ്പാൾ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 63000 | 600 | 300 | 300 |
| 29 | ആശ സി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 51000 | 450 | 300 | 150 |
| 30 | മഞ്ജു പി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 51000 | 450 | 300 | 150 |
| 31 | സുജാത കെ ബി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 51000 | 450 | 300 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 32 | ദീപ ടി പി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 51000 | 450 | 300 | 150 |
| 33 | ജയലക്ഷ്മി വി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 51000 | 450 | 300 | 150 |
| 34 | ഗീത ജയപ്രകാശ്, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 57000 | 450 | 300 | 150 |
| 35 | ബിന്ദു ടി എൻ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 57000 | 450 | 300 | 150 |
| 36 | ഉഷകുമാരി പി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 37 | ശോഭ കെ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 38 | വിദ്യ കെ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 39 | ഗീത രാംദാസ്, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 40 | സരിക കെ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 39000 | 300 | 180 | 120 |
| 41 | വിനീത വി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, | ഒന്നാം അർദ്ധവർഷം | 39000 | 300 | 180 | 120 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പഴയന്നൂർ | | | | | |
| 42 | ധന്യ സന്തോഷ്, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 33000 | 300 | 180 | 120 |
| 43 | സൗമ്യ കെ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 33000 | 300 | 180 | 120 |
| 44 | നൗഫിയ എ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 33000 | 300 | 180 | 120 |
| 45 | അരുന്ധതി കെ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 33000 | 300 | 180 | 120 |
| 46 | ദീപ ആർ, ലൈബ്രേറിയൻ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 21000 | 180 | 120 | 60 |
| 47 | ബിന്ദു ജോൺ, ടീച്ചർ | സാൻജോസ് സെൻട്രൽ സ്കൂൾ | ഒന്നാം അർദ്ധവർഷം | 60178 | 600 | 450 | 150 |
| 48 | സംഗീത കെ, ടീച്ചർ | സാൻജോസ് സെൻട്രൽ സ്കൂൾ | ഒന്നാം അർദ്ധവർഷം | 60178 | 600 | 450 | 150 |
| 49 | അമൽ, ലേബർ | പെർഫെക്റ്റ് എർത്തിങ്, പഴയന്നൂർ | രണ്ടാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 50 | ഷീജ, ലേബർ | പെർഫെക്റ്റ് എർത്തിങ്, പഴയന്നൂർ | രണ്ടാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 51 | ഉഷ, ലേബർ | പെർഫെക്ട് എർത്തിങ്, പഴയന്നൂർ | രണ്ടാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| ആകെ | | | | | | | 22940 |

## 1-14-3 ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല

ഡബ്ല്യൂ.പി.സി 16670/06 നം. കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു. കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തെ ബി.എസ്.എൻ.എൽ-ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

## 1-14-4 റേഷൻ കടകൾ,കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ അവയുടെ എണ്ണം, ഈടാക്കിയ തൊഴിൽ നികുതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-15-1 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് - അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 479 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 459 സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ.

2) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാലും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ട് ഇല്ലാത്തതിനാലും ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) താഴെ കാണുന്ന അപേക്ഷകൾ തീർപ്പാക്കിയതായി അപേക്ഷകളിലോ ലൈസൻസ് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | അപേക്ഷ നമ്പർ | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | അപേക്ഷ തീയതി |
|---|---|---|---|---|
| 1 | 474 | 22/5 | ധനലക്ഷ്മി ട്രേഡേഴ്സ് | 9.3.2020 |
| 2 | 475 | 19/596 A | സത്യ ട്രേഡേഴ്സ് | 3.2.2020 |
| 3 | 476 | 3/585 | റോയൽ ഫർണിച്ചേർസ് | 5.3.2020 |
| 4 | 477 | 19/555,556 | റോയൽ ഇന്റീരിയർ ഡെക്കറേറ്റേഴ്സ് | 5.3.2020 |
| 5 | 478 | - | ജിഷ ഗോൾഡ് & ഡൈമണ്ട്സ് | 9.3.2020 |
| 6 | 479 | 12/23 | വി.എം.ഏജൻസിസ് | 3.2.2020 |

4) മേൽ ചട്ടങ്ങൾ ചട്ടം (18), പട്ടിക III പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേരും ലൈസൻസ് നമ്പറും | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | നിള മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് A4/924/2019 തീ. 11.2.2019 | 1368 | 13680 | 4000 | 9680 |
| 2 | അമൃത റൈസ് മിൽ A4/6410/2019 തീ. 24.10.2019 | 22 | 300 | 200 | 100 |

മേൽ പറഞ്ഞ കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.56/30.10.21) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങളിൽ നിന്നും അർഹമായ ഫീസ് ഈടാക്കാൻ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 243 വകുപ്പ് പ്രകാരം തുടർ നടപടി ഉണ്ടാകേണ്ടതാണ്.

## 1-15-2 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു

ഗ്രാമപഞ്ചായത്തിലെ 4,5,6,7,8 എന്നീ വാർഡുകളിൽ നിന്നും വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 40 മുതൽ 200 വരെയുള്ള നമ്പർ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെ കാണുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തി ആയതിനനുസരിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം/ ഉടമ | ലൈസൻസ് രജിസ്റ്റർ ക്രമ നം. | കെട്ടിട നമ്പർ |
|---|---|---|---|
| 1 | സോണ സിമന്റ് ബ്രിക്സ് | 41 | 8/519 |
| 2 | അപ്പൂസ് സ്റ്റോഴ്സ് | 60 | 4/775 |
| 3 | സ്ലീബ സ്റ്റീൽ ഫർണിച്ചർ | 94 | 6/662 |
| 4 | സുധ ടീ സ്റ്റാൾ | 195 | 7/133 |
| 5 | സായ് നന്ദ വുഡ് കാർവിങ് ഇന്റീരിയർ വർക്ക് | 196 | 5/32 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/28.10.21) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തിയോ അല്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമം 205 ബി പ്രകാരം നോട്ടീസ്സ് നൽകിയോ അനധികൃതമായി പ്രവർത്തിക്കുന്നവക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമായിരിക്കേണ്ടതായുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റെ ഒക്യുപൻസി ഉറപ്പാക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങളിൽ വ്യാപാരങ്ങൾക്കൊ വ്യവസായങ്ങൾക്കോ ലൈസൻസ് നൽകാവുന്നതല്ല.

## 1-16 കടമുറി വാടക - ബൈലോ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല

പഞ്ചായത്തിലെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത്തിനുള്ള ബൈലോ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ബന്ധപ്പെട്ട ഫയലിൽ ബൈലോ അംഗീകാരം നല്കാൻ വേണ്ടി സെക്രട്ടറി A3-4099/09 തീ. 9.7.2012 കത്ത് പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ 14.8.2012ലെ സി 5-20492/10നമ്പർ ഓർമ്മക്കുറിപ്പ് പ്രകാരം ബൈലോ പുനർസമർപ്പിക്കാൻ നിർദ്ദേശിക്കുകയും ആയതിനു മറുപടിയായി A3-8775/12തീ 27.08.2012 കത്തു മുഖേനെ ബൈലോ പഞ്ചായത്ത് ഡയറക്ടർക്കു സമർപ്പിക്കുന്നതിനായി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ സമർപ്പിച്ചതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന് ശേഷം യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.58/30.10.21) മറുപടി ലഭ്യമാക്കിയില്ല.ബൈലോ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചു നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇല്ലെങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

## 1-17 റെഗുലറൈസേഷൻ ഫീ അടവാക്കിയില്ല

1. പെർമിറ്റ് സംബന്ധിച്ചുള്ള രജിസ്റ്റർ പരിശോധിച്ചതിൽ ഫയൽ നമ്പർ A1/9427 തീ. 30.12.2019 പ്രകാരമുള്ള റെഗുലറൈസേഷൻ അപേക്ഷയുടെ നോട്ട് ഫയലിലോ പെർമിറ്റ് രജിസ്റ്ററിലോ റെഗുലറൈസേഷൻ ഫീ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

2. പ്രസ്തുത അപേക്ഷ പ്രകാരം ആകെ 673.68 ച:മീറ്റർ ആണ് പുതുതായി നിർമിച്ചിട്ടുള്ളത്. അതു പ്രകാരം ഈടാക്കേണ്ട റെഗുലറൈസേഷൻ ഫീ 13474 രൂപയാണ്. എന്നാൽ നോട്ട് ഫയലിൽ കണക്കായിട്ടുള്ളത് 12440 രൂപയാണ്.

ശരിയായ റെഗുലറൈസേഷൻ ഫീ ഡിമാൻഡ് ചെയ്യാത്തതിന്റെ കാരണവും ഡിമാൻഡ് ചെയ്ത ഫീ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.59/30.10.21) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയങ്ങൾക്കുള്ള മറുപടി ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

## 1-18 ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ടം 3 പ്രകാരം) ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചതായി അറിയിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ഉചിതമെന്ന് കരുതുന്ന പക്ഷം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/25.10.21)

## 1-19 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ ഭരണസമിതി തീരുമാനം സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 272 എ (1) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിലെ 272 എ (2) വകുപ്പ് പ്രകാരം പൗരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, പഞ്ചായത്ത് ചർച്ച ചെയ്ത് വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 2019-20 വർഷത്തിൽ ഇപ്രകാരം പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ വിവരം (ഭരണസമിതി തീരുമാനം സഹിതം) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/25.10.21) മറുപടിയായി ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച പൗരാവകാശരേഖയുടെ പകർപ്പ് ലഭ്യമാക്കുകയുണ്ടായി. എന്നാൽ ഭരണസമിതി തീരുമാനം ലഭ്യമാക്കുകയുണ്ടായില്ല. ഓഡിറ്റ് വർഷത്തിൽ ISO സർട്ടിഫിക്കേഷന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത്, അതിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച ഭരണസമിതി തീരുമാനം ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് പുതുക്കുന്നതിന് മുൻപും, ശേഷവും പഞ്ചായത്ത് നൽകുന്ന സേവനങ്ങളിലെ സമയദൈർഘ്യം ISO സർട്ടിഫിക്കേഷന്റെ ഭാഗമായി മെച്ചപ്പെട്ടിട്ടുണ്ടോ എന്ന താരതമ്യം സാധ്യമായില്ല. അതുകൊണ്ടുതന്നെ ഓഡിറ്റ് വർഷം പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കുന്നതോടൊപ്പം, പുതുക്കിയ പൗരാവകാശരേഖ പഞ്ചായത്ത് നൽകുന്ന സേവനങ്ങളിലെ സമയദൈർഘ്യത്തെ എപ്രകാരമാണ് സ്വാധീനിച്ചിട്ടുള്ളത് എന്ന് (തൊട്ട് മുൻവർഷത്തെ അപേക്ഷിച്ച്) താരതമ്യപ്പെടുത്തി വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

## 1-20 കോടത്തൂർ വ്യവസായ പാർക്ക്- ജലസ്രോതസ്സുകളുടെ മലിനീകരണം- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന കോടത്തൂർ വ്യവസായ പാർക്കിൽ നിന്നും ആസിഡും മാലിന്യങ്ങളും സമീപ പ്രദേശത്തെ കിണറുകളിലേക്കും കുഴൽ കിണറുകളിലേക്കും കലർന്ന് കുടിവെള്ളം മലിനമായിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടി ജനകീയ പ്രക്ഷോഭം ആരംഭിച്ച സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്ക ദൂരികരിക്കുന്നതിന് ടി പ്രദേശത്തെ കുടിവെള്ളം ആരോഗ്യ വകുപ്പ് അധികൃതരുടെ നേതൃത്വത്തിൽ സ്ഥലപരിശോധന നടത്തി സമീപ വാസികളുടേതടക്കമുള്ള കിണറുകളിലെ കുടിവെള്ള സാമ്പിൾ എടുത്ത് വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധന നടത്തുന്നതിനും ആയതിന്റെ ചെലവ് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും 29.05.2019 ലെ 22(5) നമ്പർ തീരുമാനപ്രകാരം യോഗം തീരുമാനിക്കുകയും MO(PHC) എളനാടിന്റെ 31/05/2019 ലെ കത്ത് പ്രകാരം വ്യവസായ കേന്ദ്രത്തിലേയും ജലനിധി പദ്ധതി പ്രകാരം ഉപയോഗിക്കുന്ന കുടിവെള്ള സ്രോതസ്സുകളിൽ നിന്നുള്ള 15 വെള്ള സാമ്പിളുകൾ ശേഖരിക്കുകയും ആയത് വാട്ടർ അതോറിറ്റിയുടെ തൃശ്ശൂർ ലാബിൽ പരിശോധനയ്ക്കായി അയച്ചതിന് ഫീസിനത്തിൽ 12750/- രൂപ (വൗച്ചർ നം. 21900299/12.06.19) MO(PHC) യ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർനടപടികളുടെ വിവരം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/23.10.21) മറുപടിയായി മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ച കത്തിന്റെ പകർപ്പ് നൽകിയിട്ടുണ്ട്. ടി കത്തിൽ മൂന്ന് സാമ്പിളുകളുടെ പരിശോധനഫലങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. പ്രസ്തുത പരിശോധന റിപ്പോർട്ട് പ്രകാരം ജലത്തിന്റെ കാഠിന്യം, നൈട്രൈറ്റിന്റെ അളവ്, ഇരുമ്പിന്റെ അംശം എന്നിവ പരിധിയിൽ കൂടുതലാണെന്നും ബാക്ടീരിയോളജിക്കൽ ക്വാളിറ്റി തൃപ്തികരമല്ലെന്നും അറിയിച്ചിട്ടുണ്ട്. ബാക്കി 12 സാമ്പിളുകളുടെ ഫലം ലഭിച്ചിട്ടുണ്ടോ എന്ന വിവരം വ്യക്തമല്ല. മാത്രമല്ല ടി സ്രോതസ്സുകളുടെ ജലശുദ്ധീകരണത്തിന് സ്വീകരിച്ച നടപടികളും ലഭ്യമല്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം ഫലപ്രദമായി നിറവേറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 കുടുംബശ്രീ മാട്രിമോണി- അനുവദിച്ച തുക തിരികെ ലഭിച്ചിട്ടില്ല

പഴയന്നൂർ ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. ചെയർപേഴ്സന്റെ കത്ത് പ്രകാരം 22/08/2019 ൽ ഉദ്ഘാടനം ചെയ്ത കുടുംബശ്രീ മാട്രിമോണിയുടെ നോട്ടീസും ഫോമുകളും പ്രിന്റ് ചെയ്തതിന്റെ തുകയായ 6450/- രൂപ സി.ഡി.എസിന് തനത് ഫണ്ട് ഇല്ലാത്തതു കൊണ്ട് പഞ്ചായത്തിൽ നിന്നും അനുവദിച്ച തരണമെന്നും മാട്രിമോണിയിൽ വരുമാനം കിട്ടുന്ന മുറയ്ക്ക് പഞ്ചായത്തിന് തിരിച്ച നൽകാമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം. 21900903/16.10.19 പ്രകാരം 6450/- രൂപ തനത് ഫണ്ടിൽ നിന്നും എം.സി.പ്രിന്റേഴ്സ് പുതുക്കോടിന് നൽകിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/09.10.21) മറുപടിയായി ഈ തുക തിരികെ തനത് ഫണ്ടിലേക്ക് ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. മേൽ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സ്മാർട്ട് ക്ലാസ്സ് റൂമിനായി സാങ്കേതികാനുമതി ലഭ്യമാക്കിയ തുകയേക്കാൾ അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ - എച്ച്.എം. ഗവണ്മെന്റ് എൽ.പി.സ്കൂൾ, പഴയന്നൂർ.
പ്രോജക്ട് നം. SO 203/2019-20, സ്മാർട്ട് ക്ലാസ്സ് റൂം, ജി.എൽ.പി.എസ്, ജി.യു.പി.എസ്.
വൗച്ചർ നം. 21901926/09.12.2019, തുക - 2,25,383/-
പ്രവൃത്തി നടത്തിയ കോസ്റ്റ്ഫോർഡ് സമർപ്പിച്ച ഫൈനൽ ബിൽ പ്രകാരമുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

| Digitalization, Painting & Tress Work For GLPS, Pazhayannur | |
|---|---|
| Agreement No. 1339/2017-18, M-Book No. 2370/2018 Feb<br>T.S No.065B/2017-18, Dtd 12.01.2018, തുക - 6,80,000/- (കൺസൾട്ടൻസി ചാർജ്ജ്, വിവിധ നികുതികൾ എന്നിവയടക്കം) | |
| Total Cost Of Work Done | 4,89,840 |
| Consultancy Charge 2.5% | 12,246 |
| GST For Consultancy 18% | 2,204 |
| IT 2% | 9,797 |
| KCWWF 1% | 4,898 |
| CGST 1% & SGST 1% | 9,797 |
| Grand Total | 5,28,782 |
| വിവിധ ബില്ലുകൾ പ്രകാരമുള്ള തുക | |
| ട്രഷറി ബിൽ നം.1/17-18, 16.03.18 | 3,50,000 |
| ട്രഷറി ബിൽ നം.1/18-19, 23.11.18 | 1,70,000 |

| | |
|---|---|
| ആകെ | 5,20,000 |
| ബാക്കി | 8,782 |

| Digitalization, Painting & Flooring Work For GUPS, Thrikkanaya | |
|---|---|
| Agreement No. 1340/2017-18, M-Book No. 2366/2018 Feb<br>T.S No.065C/2017-18, Dtd 12.01.2018, തുക – 7,45,000/- (കൺസൾട്ടൻസി ചാർജ്ജ്, വിവിധ നികുതികൾ എന്നിവയടക്കം) | |
| Total Cost Of Work Done | 7,75,371 |
| Consultancy Charge 2.5% | 19,384 |
| GST For Consultancy 18% | 3,489 |
| IT 2% | 15,507 |
| KCWWF 1% | 7,754 |
| CGST 1% & SGST 1% | 15,507 |
| Grand Total | 8,37,012 |
| വിവിധ ബില്ലുകൾ പ്രകാരമുള്ള തുക | |
| ട്രഷറി ബിൽ നം.2/17-18, 16.03.18 | 3,62,500 |
| ട്രഷറി ബിൽ നം.2/18-19, 23.11.18 | 1,86,250 |
| വൗച്ചർ നം. 21901926/09.12.2019 | 2,25,383 |
| ആകെ | 7,74,133 |
| അധികം നൽകിയത്(സാങ്കേതികാനുമതി തുകയിൽ അധികരിച്ചത്) | 29,133 |

ജി.യു.പി.എസ്. തൃക്കണായ, എളനാട് സ്കൂളിലെ സ്മാർട്ട് ക്ലാസ്സ് റൂമിനായി സാങ്കേതികാനുമതി ലഭ്യമാക്കിയ തുകയേക്കാൾ അധികം നൽകിയിട്ടുണ്ട്. ജി.എൽ.പി.എസ് പഴയന്നൂർ സ്കൂളിനായി നൽകാൻ ബാക്കിയുള്ള തുകയായ 8,782/- രൂപ കഴിച്ച് 20,351/- രൂപ അധികമായാണ് നൽകിയിട്ടുള്ളത്. അധികം നൽകിയ തുക സ്ഥാപനത്തിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ തുക തിരികെ ലഭ്യമാകാത്ത പക്ഷം വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി പരിഹാരം തേടേണ്ടതാണ്.

## 1-23 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

1) പ്രോജക്ട് നം.14/2019-20, പകർച്ചവ്യാധി നിയന്ത്രണ പരിപാടി (ചെലവ് – 48,035/-)
ക്ലോറിനേഷൻ പ്രവർത്തനങ്ങൾ നടത്തിയതായി പറയുന്ന ആശാവർക്കർമാർ, ചെയ്ത പ്രവൃത്തിയുടെ വിവരങ്ങൾ (മസ്റ്റർ റോൾ) സമർപ്പിക്കുകയോ കൈപ്പറ്റ് രശീതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.
2) പ്രോജക്ട് നം. 19/2019-20, പി.എച്ച്.സി-യിലേക്ക് ലാബ് പ്രവർത്തനത്തിനങ്ങൾക്ക് വേണ്ട സാമഗ്രികൾ വാങ്ങൽ (ചെലവ് – 24984/-)
സാമഗ്രികൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3) പ്രോജക്ട് നം. 274/2019-20, ആർദ്രം – വേതനം നൽകൽ (ചെലവ് – 63,942/-)
നഴ്സ്, ക്ലീനിങ്ങ് സ്റ്റാഫ് എന്നിവരുടെ ഡിസംബർ, ജനവരി, ഫെബ്രുവരി മാസങ്ങളിലെ അറ്റൻഡൻസ് ഹാജരാക്കിയിട്ടില്ല.
4) പ്രോജക്ട് നം. 260/2019-20, FHC ഡോക്ടറുടെയും സ്റ്റാഫിന്റെയും വേതനം (ചെലവ് – 5,68,510/-)
നവംബർ, ഡിസംബർ, ജനവരി, ഫെബ്രുവരി മാസങ്ങളിലെ അറ്റൻഡൻസ് ഹാജരാക്കിയിട്ടില്ല.
FHC യിലെ Sanctioned Strength, ഡോക്ടർ, മറ്റ് സ്റ്റാഫുകൾ എന്നിവരെ നിയമിക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം, നിയമന നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുകയുണ്ടായില്ല.
5) പ്രോജക്ട് നം. 12/2019-20, സാന്ത്വന പരിചരണം (ചെലവ് – 7,07,910/-)
പ്രൊഫോർമ ഇൻവോയ്സ് നം. PRF-2924/02.12.2019 പ്രകാരം കെ.എം.എസ്.സി.എൽ ന് 2,50,000/- രൂപ (വൗച്ചർ നം. 21901936/20.12.2019) കൈമാറിയിട്ടുണ്ട്. വിവിധ ബില്ലുകൾ പ്രകാരം 2,37,430/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 12,570/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.42/19.10.2021-ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - SLBP ക്ക് നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

പ്രോജക്ട് നം. 130/19-20, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി – ക്യാപ് (ചെലവ് തുക – 2,50,000/-, പൊതു സാധാരണ വിഹിതം)

വൗച്ചർ നം.21901948/27.01.2020

40 ഗുണഭോക്താക്കൾക്ക് 6250/- രൂപ നിരക്കിൽ 2,50,000/- രൂപ SLBP ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ സൊസൈറ്റിയിൽ നിന്നും ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 33 ഗുണഭോക്താക്കൾക്ക് മാത്രമാണ് കാലിത്തീറ്റ വിതരണം ചെയ്തിട്ടുള്ളത്. കാലിത്തീറ്റ വിതരണത്തിൽ ഉൾപ്പെടാത്ത 7 ഗുണഭോക്താക്കൾക്ക് വേണ്ടി SLBP ക്ക് നൽകിയ തുക ക്രമീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/29.10.2021 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-25 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക | പത്രം |
|---|---|---|---|
| 1 | 2190037/09.04.19 | 5292 | ദേശാഭിമാനി |
| 2 | 21900335/19.06.19 | 5796 | ദേശാഭിമാനി |
| 3 | 21900336/19.06.19 | 6804 | മാതൃഭൂമി |
| 4 | 21900876/11.10.19 | 23520 | ദേശാഭിമാനി |
| 5 | 21900924/22.10.19 | 11592 | ദേശാഭിമാനി |
| 6 | 21901116/08.11.19 | 11592 | ദേശാഭിമാനി |
| 7 | 21901272/12.12.19 | 5792 | ദേശാഭിമാനി |
| 8 | 21901577/17.02.20 | 5796 | ദേശാഭിമാനി |
| 9 | 21901724/12.03.20 | 3864 | ദേശാഭിമാനി |
| 10 | 21901870/30.03.20 | 3864 | ദേശാഭിമാനി |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചു കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നം.10/23.10.21) മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. മേൽ വിവരിച്ച പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവിധ ബില്ലുകളിലായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്..

## 1-26 പഞ്ചായത്ത്കമ്മിറ്റി തീരുമാനം - തുടർനടപടി സ്വീകരിച്ചിട്ടില്ല

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 24/07/2019 ലെ F-3392/2019/PAU നം.കത്ത്പ്രകാരം ഇ.എം.എസ് ഭവന പദ്ധതിക്കായി എടുത്തിട്ടുള്ള വായ്പാതുക മുഴുവനായും തിരിച്ചടച്ചിട്ടും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടെ ബാങ്ക് അക്കൗണ്ടുകളിൽ നിഷ്ക്രിയമായി കിടക്കുന്ന ഫണ്ടിലെ തുകയും, ശുചിത്വ മിഷന് വേണ്ടിയുള്ള അക്കൗണ്ടുകളിൽ നിഷ്ക്രിയമായി കിടക്കുന്ന ഫണ്ടിലെ പലിശയും ട്രഷറിയിൽ തിരിച്ചടക്കുന്നതിനും ടി.എസ്.സി അക്കൗണ്ടുകളിലുള്ള തുക ശുചിത്വമിഷന്റെ സംസ്ഥാനതല ഓഫീസിലേക്ക് തിരിച്ചടക്കുന്നതിനും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറോട് നിർദ്ദേശിച്ചിരുന്നു. പഴയന്നൂർ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടെ പേരിൽ 1)പഞ്ചാബ് നാഷണൽ ബാങ്കിൽ (ജനകീയാസൂത്രണ പദ്ധതികൾക്കായുള്ള അക്കൗണ്ട്) 5,28,927/-രൂപയും 2) കാനറ ബാങ്കിൽ

(ജനകീയാസൂത്രണ പദ്ധതികൾക്കായുള്ള അക്കൗണ്ട്) 5,700/- രൂപയും 3) പഴയന്നൂർ ഫാർമേഴ്സ് സഹകരണബാങ്കിൽ (ഇ.എം.എസ് ഭവന പദ്ധതിക്കായുള്ള അക്കൗണ്ട്) 67,600/-രൂപയും ഉണ്ടെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബാലൻസ് തുക തിരിച്ചടക്കാൻ കഴിയുന്നതല്ല എന്ന് നിരീക്ഷിക്കുകയും ടി.അക്കൗണ്ടുകളിൽ നിഷ്ക്രിയമായി കിടക്കുന്ന തുക ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കളുടെ വീട് അറ്റകുറ്റപ്പണി നടത്തുന്നതിനോ, ലൈഫ് ഗുണഭോക്താക്കൾക്കുള്ള വീട് അനുവദിക്കുന്നതിനോ വേണ്ടി ഉപയോഗപ്പെടുത്തുന്നതിന് അനുവാദം നൽകണമെന്ന് ബഹു. പഞ്ചായത്ത് ഡയറക്ടറോട് അഭ്യർത്ഥിക്കുന്നതിന് 17/08/2019 ലെ 5(1) തീരുമാനം പ്രകാരം നിശ്ചയിച്ചിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(30/28-10-2021) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭരണസമിതി തീരുമാനത്തിനനുസരിച്ച് പഞ്ചായത്ത് ഡയറക്ടർ അനുമതി നൽകുന്നില്ലെങ്കിൽ തുക തിരിച്ചടവാക്കേണ്ടതാണ്.

## 1-27 ലോഗ് ബുക്ക്- അപാകതകൾ

ലോഗ്ബുക്കിൽ തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് തൻമാസം അവസാനത്തെ ദിവസം രേഖപ്പെടുത്തേണ്ടതാണ് (സർക്കുലർ നം. 41/2008/ധന. തീ. 02/08/2008). എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-48-5302 (Tavera), KL-08-AJ-8159 (Tractor), KL-08-AA-1277 (Jeep) എന്നീ വാഹനങ്ങളുടെ ഓഡിറ്റിന് ലഭ്യമാക്കിയ ലോഗ് ബുക്കുകളിൽ മേൽ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ ഇന്ധനക്ഷമത സർട്ടിഫിക്കറ്റിന്റെ ഉപയോഗം നടക്കുന്നില്ല എന്നും, KL-08AA-1277 നമ്പർ ജീപ്പിന്റെ ഓഡോമീറ്റർ റീഡിംഗും ലോഗ് ബുക്കിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടാത്തതിനാൽ ഇന്ധനക്ഷമത പരിശോധന നടത്തുവാൻ സാധിച്ചിട്ടില്ല എന്നും അപാകതകൾ പരിഹരിച്ച് ഇന്ധനക്ഷമത പരിശോധനയ്ക്ക് ഹാജരാക്കാവുന്നതാണ് എന്നും പി.ഡബ്ള്യു.ഡി., മെക്കാനിക്കൽ വിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചാലക്കുടി 15/12/2018 ലെ നമ്പർ എ2-553/18 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർനടപടികൾ ഫയലിൽ ഇല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(52/30-10-21) മറുപടി ലഭിച്ചിട്ടില്ല. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 വയബിലിറ്റി ഗ്യാപ് ഫണ്ട് -സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു

ഹരിതകർമ്മ സേനയുടെ വരുമാനത്തിലുള്ള കുറവ് നികത്തുന്നതിലേക്കായി സർക്കാർ നിർദ്ദേശത്തിനു വിധേയമായി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തേണ്ടതാണ്. തുക കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്കോ, ഓരോ ഹരിതകർമ്മ സേനയുടെ അക്കൗണ്ടിലേക്കോ അനുവദിക്കാവുന്നതാണ്. പഞ്ചായത്തിൽ 2019-20ൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 43/20 കുടുംബശ്രീഹരിതകർമ്മ സേന വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 5,06,000/ രൂപ വകയിരുത്തുകയും 1,67,152/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രോജക്ട് നം. 201/20 "ഖരമാലിന്യകേന്ദ്രത്തിന്റെ പ്രവർത്തനത്തിന് തുക വകയിരുത്തുന്നത്" എന്ന പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും 1,92,992/ രൂപവകയിരുത്തുകയും 1,72,224/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ത.സ്വ.ഭ(ഡി.സി) വകുപ്പിന്റെ 27/09/2019 ലെ G.O.(Rt) No.2111/2019/LSGD നം. ഉത്തരവ് പ്രകാരം പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഖരമാലിന്യസംസ്കരണ പ്ലാന്റിന്റെ ഓപ്പറേഷൻ & മെയിന്റനൻസിന് ആവശ്യമായ തുക പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും മാലിന്യ സംസ്കരണ മേഖലക്കായി നിർബന്ധമായും നീക്കിവയ്ക്കേണ്ട പത്ത് ശതമാനം തുകയിൽ ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിനും, പ്ലാന്റിലെ നിലവിലുള്ള നാല് തൊഴിലാളികൾക്ക് വേതനം നൽകുന്നതിനായി പ്ലാന്റിന്റെ വരുമാനത്തിൽ നിന്നും അധികമായി വേണ്ടിവരുന്ന തുക പ്രസ്തുത സൊസൈറ്റി സ്വയം പര്യാപ്തമാകുന്നത് വരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പ്ലാന്റിലെ തൊഴിലാളികൾക്ക് വേതനം നൽകുന്നതിനായി 2019-20ൽപ്രോജക്ട് പ്രകാരം ചെലവഴിച്ച 1,43,152/-രൂപ വികസന ഫണ്ടിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. 14/02/2018 ലെ സർക്കാർ ഉത്തരവ് (കൈ)നം. 22/2018/LSGD ഖണ്ഡിക 8.10 പ്രകാരം വികസന ഫണ്ടിൽ നിന്നും ശമ്പളം/ഹോണറേറിയം നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതാണ്. മാത്രമല്ല 27/09/2019 ലെ G.O.(Rt) No.2111/2019/LSGD നം. ഉത്തരവ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകുന്നതിനായി പ്ലാന്റിന്റെ വരുമാനത്തിൽ നിന്നും അധികമായി വേണ്ടിവരുന്ന തുക (പ്രസ്തുത സൊസൈറ്റി സ്വയം പര്യാപ്തമാകുന്നത് വരെ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുമാണ് ഉത്തരവായിട്ടുള്ളത്. ഇതിന് വിരുദ്ധമായി 2019-20ൽ പ്രോജക്ട് നം.43/20 പ്രകാരം ₹1,43,152/- തൊഴിലാളികൾക്ക് വികസനഫണ്ടിൽ നിന്നും വേതനം ഇനത്തിൽ നൽകിയിട്ടുണ്ട് (ഓഡിറ്റ്

അന്വേഷണം.31/28-10-21). വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ₹1,43,152/- തനത് ഫണ്ടിൽ നിന്നും സഞ്ചിതനിധിയിലേയ്ക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം - സർക്കാർ നിർദ്ദേശം ലംഘിച്ചതിനാൽ 2019-20 വർഷത്തെ വികസനഫണ്ട് കുറവ് ചെയ്തു

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനും , 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ചും കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകു എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നതാണ്. ഉത്തരവിന്റെ അനുബന്ധം -1 ക്രമ നം. 494 പ്രകാരം പഴയന്നൂർ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2019-20 വർഷത്തിന്റെ ആദ്യ ആറ് മാസക്കാലത്തേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹832200 /-യും നിർദ്ദേശിച്ചിരുന്നതാണ്.

2018-19 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചും കൊണ്ടുള്ള 29.11.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/2018/ധന ഉത്തരവിന്റെ അനുബന്ധം -1 ക്രമ നം. 494 പ്രകാരം പഴയന്നൂർ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2019-20 വർഷത്തിന്റെ രണ്ടാം പകതിയിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹832200/- യും നിർദ്ദേശിച്ചിരുന്നതാണ്. മേൽ ഉത്തരവുകളെ അലോട്ട്മെന്റ് ലെറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ 2018-19 സാമ്പത്തിക വർത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രാജക്ട് നം.245/19 അംഗൻവാടി വർക്കർ ഹെൽപ്പർ അധിക ഓണറേറിയം ഇനത്തിൽ വികസന ഫണ്ട്(ജനറൽ) നിന്നും ₹5,00,000/- ചെലവഴിച്ചിട്ടുണ്ട്.

മേൽ വിവരിച്ച പ്രകാരം ആകെ ₹16,64,400/- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടിരുന്നിടത്താണ് ഇക്കാര്യത്തിനായി ₹5,00,000/- ചെലവഴിച്ചത്. ACR പ്രകാരം 2018-19 കാലയളവിൽ ആകെ ലഭ്യമായ ₹2,87,74,000/- വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) ഇനത്തിൽ ₹2,27,51,835/- മാത്രമേ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കകയുണ്ടായുള്ളൂ.

2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചും കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 ക്രമ നം. 494 എന്നിവ പ്രകാരം പഴയന്നൂർ ഗ്രാമ പഞ്ചായത്ത് അഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടുന്നതിൽ കുറവുവന്ന തുകയായി ₹11,64,400/- 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവു ചെയ്തിട്ടുള്ളതുമാണ്.

2018-19 വർഷത്തിൽ മേൽ പറഞ്ഞ പ്രകാരം സർക്കാർ ട്രാൻഫർ ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്ന ₹16,64,400/- ൽ വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) ഇനത്തിൽ നിന്നും ട്രാൻഫർ ക്രെഡിറ്റ് ചെയ്ത ₹5,00,000/- കഴിച്ച് ബാക്കി തുകയായ ₹11,64,400/-രൂപയാണ് 2019-20 വർഷത്തിൽ വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തിരിക്കുന്നത്.

2019-20 വർഷത്തിൽ പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ട് അനുവദിച്ചുനല്കിയ സർക്കാർ ഉത്തരവ് നം.2772/2019/ധന. തി.03.04.19, സർക്കാർ ഉത്തരവ് നം.6105/2019/ധന. തി.01.08.19, സർക്കാർ ഉത്തരവ് നം.10050/2019/ധന. തി.21.12.19 എന്നിവ പ്രകാരം ₹5,54,800/- വീതം ആകെ₹16,64,400/- അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടേയും പ്രതിഫല ഇനത്തിൽ പ്രാദേശിക സർക്കാർ വിഹിതമായി പഴയന്നൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിരുന്നതാണ്. പ്രസ്തുത തുക സെക്രട്ടറി "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന കണക്ക് ശീർഷത്തകത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചേയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നതുമാണ്. എന്നാൽ 2019-20 വർഷത്തിൽ അംഗൻവാടി ജീവനക്കാർക്ക് അധിക ഓണറേറിയം ഇനത്തിൽ 321/21 നമ്പർ പ്രോജക്ട് പ്രകാരം ആകെ ₹5,54,800/- മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം ഈ ഇനത്തിൽ ₹16,64,400/-- അടവാക്കേണ്ടതിന പകരം ₹5,54,800/-മാത്രം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ₹11,09,600/-കുറവ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിലുള്ള കാരണം അറിയിക്കേണ്ടതാണ്.

സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന്റെ 2019-20 വികസനാവശ്യത്തിന് ന്യായമായി ലഭിക്കേണ്ട തുകയിൽ നിന്നും കുറവുണ്ടായതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.3/23.10.21ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്.

## 1-30 സ്ട്രീറ്റ് ലൈറ്റ് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന ഉപ നികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജ് ആവശ്യത്തിലേക്കായി താഴെപറയും പ്രകാരം തുക കെ.എസ്.ഇ.ബി-യിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം. | തീയതി | തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 21900053 | 10.04.19 | 22826 | 37 മീറ്റേഡ് |
| 21900054 | 10.04.19 | 1778 | 6 ഹൈമാസ്റ്റ് ലൈറ്റ് |
| 21900055 | 10.04.19 | 33461 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21900057 | 10.04.19 | 4050 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21900162 | 10.05.19 | 23609 | 37 മീറ്റേഡ് |
| 21900163 | 10.05.19 | 1683 | 6 ഹൈമാസ്റ്റ് ലൈറ്റ് |
| 21900164 | 10.05.19 | 33439 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21900178 | 13.05.19. | 4166 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21900329 | 18.06.19 | 23578 | 37 മീറ്റേഡ് |
| 21900330 | 18.06.19 | 2804 | 6 ഹൈമാസ്റ്റ് ലൈറ്റ് |
| 21900332 | 18.06.19 | 33439 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21900333 | 18.06.19 | 4387 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21900481 | 08.07.19 | 3708 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21900482 | 08.07.19 | 21285 | 37 മീറ്റേഡ് |
| 21900483 | 08.07.19 | 1389 | 6 ഹൈമാസ്റ്റ് ലൈറ്റ് |
| 21900484 | 08.07.19 | 33516 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21900627 | 16.08.19 | 23939 | 37 മീറ്റേഡ് |
| 21900629 | 16.08.19 | 36276 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21900630 | 16.08.19 | 1503 | 6 ഹൈമാസ്റ്റ് ലൈറ്റ് |
| 21900648 | 20.08.19 | 4665 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21900775 | 17.09.19 | 22541 | 37 മീറ്റേഡ് |
| 21900776 | 17.09.19 | 36903 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21900778 | 17.09.19 | 1523 | 6 ഹൈമാസ്റ്റ് ലൈറ്റ് |
| 21900780 | 17.09.19 | 4936 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21900885 | 11.10.19 | 27037 | 37 മീറ്റേഡ് |
| 21900886 | 11.10.19 | 1426 | 6 ഹൈമാസ്റ്റ് ലൈറ്റ് |
| 21900887 | 11.10.19 | 36928 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21900889 | 11.10.19 | 4769 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21901126 | 11.11.19 | 26217 | 37 മീറ്റേഡ് |
| 21901128 | 11.11.19 | 36892 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21901129 | 11.11.19 | 1325 | 6 ഹൈമാസ്റ്റ് ലൈറ്റ് |
| 21901130 | 11.11.19 | 4197 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21901265 | 11.12.319 | 4330 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21901266 | 11.12.19 | 21915 | 37 മീറ്റേഡ് |
| 21901268 | 11.12.19 | 36843 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |

| | | | |
|---|---|---|---|
| 21901269 | 11.12.19 | 1231 | 6 ഹൈമാസ്റ്റ് ലൈറ്റ് |
| 21901352 | 07.01.20 | 30181 | 37 മീറ്റേഡ് |
| 21901383 | 07.01.20 | 1354 | 6 ഹൈമാസ്റ്റ് ലൈറ്റ് |
| 21901385 | 07.01.20 | 36843 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21901405 | 16.01.20 | 4780 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21901557 | 11.02.20 | 34928 | 43 മീറ്റേഡ് |
| 21901558 | 11.02.20 | 36843 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21901559 | 11.02.20 | 5262 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21901573 | 12.02.20 | 402 | കൺസ്യൂമർ നം.1157192017448 |
| 21901740 | 10.03.20 | 37270 | അൺമീറ്റേഡ് കൺസ്യൂമർ നം.1157195010692 |
| 21901772 | 12.03.20 | 5101 | 12 മീറ്റേഡ് (ചേലക്കര ഡിവിഷൻ) |
| 21901773 | 12.03.20 | 26519 | 43 മീറ്റേഡ് |
| ആകെ | | 8,03,997 | |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം, തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ മൊത്തം ₹8,03,997രൂപ/- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് 2019-20 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 63,37,182/-യുടെ 12.68% ത്തോളം വരുന്ന തുകയാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

I) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ ഇടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക് സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

2. മീറ്ററിംഗ് നടത്താത്ത തെരുവു വിളക്കുകൾ മീറ്ററിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല

2019-20 വർഷത്തിൽ തെരുവ് നായ്ക്കളുടെ ആക്രമണത്തിന് നഷ്ടപരിഹാരവും ആയതിന്റെ പലിശയിനത്തിലുമായി ബഹു. ജസ്റ്റിസ് സിരിജഗൻ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) നം. 503/2020 /എൽ.എസ്.ജി.ഡി. തീയതി 28/02/2020 നമ്പർ ഉത്തരവ് പ്രകാരം ₹65,072/- (വൗച്ചർ നം. 21901790 തീയതി 15.03.20) ₹24,108/- (വൗച്ചർ നം. 21901791 തീയതി 15.03.20) ₹32,664/- (വൗച്ചർ നം. 21901792 തീയതി 15.03.20) ₹19,587/- (വൗച്ചർ നം. 21901793 തീയതി 15.03.20) ₹44,657/- (വൗച്ചർ നം. 21901806 തീയതി 24.03.20) എന്നിങ്ങനെ ആകെ ₹1,86,088/- രൂപ പരാതിക്കാർക്ക് കൈമാറിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166(1) മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. 2019-20, 2020-21 വർഷങ്ങളിലെ വാർഷിക പദ്ധതികൾ പ്രകാരം അനിമൽ ബർത്ത് കൺട്രോളിനായി തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ ചെയ്തിട്ടില്ലാത്തതുമാണ്.

അലഞ്ഞു നടക്കുന്ന നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും എല്ലാ വളർത്തുനായ്ക്കൾക്കും ലൈസൻസ് എന്ന നിയന്ത്രണാധികാരം ഫലപ്രദമായി വിനിയോഗിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ -6/23.10.21)

## 1-32 ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം -ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത് ക്രമീകരിക്കേണ്ടതാണ്

2019-20 വർഷത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിന് ആർജ്ജിതാവധി സറണ്ടറായി, വൗച്ചർ നമ്പർ:21901711/12.03.20 പ്രകാരം ₹18,360/- അനുവദിച്ചിട്ടുള്ളതാണ്. ഏപ്രിൽ ഒന്നു മുതൽ മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക്കാണ് ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിച്ചിട്ടുള്ളത്. ഓരോ വർഷത്തേയ്ക്കും ഏപ്രിൽ ഒന്നു മുതൽ മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക്ക് നിയമനം ദീർഘിപ്പിച്ചുനല്കുന്ന രീതിയാണ് നിലവിലുള്ളത്. ടെക്നിക്കൽ അസിസ്റ്റന്റ്, ശ്രീ.അരുൺ പ്രസാദിന്റെ

സേവനപുസ്തകം പരിശോധിച്ചതിൽ, 2019-20 വർഷത്തിൽ 24 ലീവുകൾ സറണ്ടർ ചെയ്യതിട്ടുള്ളതാണ്.

പരിമിതമായ കാലയളവുകളിലേയ്ക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ അവധി സംബന്ധിച്ച ചട്ടങ്ങൾ, കേരള സർവ്വീസ് റൂൾസ്, അനുബന്ധം-VIII, ഖണ്ഡിക-1പ്രകാരം ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഒരു വർഷം ആർജ്ജിക്കാവുന്ന പരമാവധി അർജ്ജിതാവധി 15 ദിവസമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇക്കാര്യം തദ്ദേശ സ്വയം ഭരണ(ഐ.ബി) വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 05-01-2018ലെ ത.സ്വ.ഭ.വ.-എൈബി1/344/2016-തസ്വഭവ നമ്പർ കത്തിലും, 29-09-2018ലെ ത.സ്വ.ഭ.വ.-എൈബി1/34/2019-തസ്വഭവ നമ്പർ കത്തിലും വിശദീകരിച്ചിട്ടുള്ളതുമാണ്.13-08-2012 ന് സർവ്വീസിൽ പ്രവേശിച്ച ശ്രീ.അരുൺ പ്രസാദിന് താഴെ പറയുംവിധം വിവിധ വർഷങ്ങളിൽ ലീവ് സറണ്ടർ അനുവദിച്ചിട്ടുള്ളതാണ്.

| വർഷം | ആർജ്ജിച്ച ലീവുകൾ | സറണ്ടർ ചെയ്യ ലീവുകൾ | സറണ്ടർ ചെയ്യ ശേഷം നീക്കിയിരിപ്പുള്ള ലീവുകൾ |
|---|---|---|---|
| 2012-13 | 15 | 0 | 15 |
| 2013-14 | 15 | 20 | 10 |
| 2014-15 | 15 | 20 | 05 |
| 2015-16 | 15 | 20 | 0 |
| 2016-17 | 15 | 20 | (-) 5 |
| 2017-18 | 15 | 0 | 10 |
| 2018-19 | 15 | 20 | 5 |
| 2019-20 | 15 | 24 | (-) 4 |

ശ്രീ.അരുൺ പ്രസാദിന് മേൽ പട്ടികയിൽ വിവരിച്ച പ്രകാരം ആർജ്ജിതാവധി കണക്കുപ്രകാരം ബാലൻസ് ഇല്ലാതെ 4 അർജ്ജിതാവധികളുടെ സറണ്ടർ അധികം അനുവദിച്ചു നൽകിയിട്ടുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിൽ അധികമനുവദിച്ച 4 ആർജ്ജിതാവധി സറണ്ടർ അവധി കണക്കിൽ ക്രമീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നമ്പർ - 7/23.10.21)

## 1-33 എളനാട് ഭാഗത്ത് LED തെരുവുവിളക്കുകൾ - സ്ഥാപിക്കപ്പെട്ട് ദിവസങ്ങൾക്കകം പ്രവർത്തനരഹിതമായി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 179/20 എളനാട് ഭാഗത്ത് LEDതെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 21901076/11.10.19 നമ്പർ വൌച്ചർ പ്രകാരം 3,39,299/- ചെലവഴിച്ചുകൊണ്ട് കേരള ഇലക്ട്രിക്കൽ ആന്റ് ആലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) നിന്നും 117 , 25 വാട്ട് LEDസ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. KELൽ നിന്നും നല്കിയ ഇൻവോയ്സ് നം.22/11.07.19 പ്രകാരം ആകെ 117എണ്ണം 25 വാട്ട് LEDസ്ട്രീറ്റ് ലൈറ്റുകൾ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും, 16.08.19ന് അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ ചെലക്കര നല്കിയ പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം 111 എണ്ണം സ്ഥാപിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്, സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണത്തിൽ കാണുന്ന പൊരുത്തക്കേടിന്റെ കാരണം അറിയിച്ചിട്ടില്ലാത്തതാണ്.

2. മേൽ പ്രകാരം സ്ഥാപിതമായ സ്ട്രീറ്റ് ലൈറ്റുകളിൽ പലതും സ്ഥാപിക്കപ്പെട്ട് ദിവസങ്ങൾക്കകം പ്രവർത്തനരഹിതമായതായും ആയതിന്റെ ആപാകതകൾ പരിഹരിക്കാൻ നിരവധി തവണ KELനോട് ആവശ്യപ്പെട്ടിട്ട് അവർ പ്രതികരിച്ചിട്ടില്ലെന്നും, ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് പരഹാരനടപടി ഉണ്ടാക്കി തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 06.02.20 ലെ A2-6252/19 നമ്പർ കത്തു പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഈകാര്യത്തിൽ ഉണ്ടായ തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിച്ചിട്ടില്ലാത്തതാണ്.ഇതു സംബന്ധിച്ച മേൽപറഞ്ഞ A2-6252/19 നമ്പർ ഫയൽ പ്രോജക്ട് ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തതും 30-10-2021 ലെ ഓഡിറ്റ് എൻക്വയറി നം.49 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതുമാണ്.

3. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും KELമായി 08.03.19ന് ചമച്ച കരാറിലെ 6-ാം നമ്പർ വ്യവസ്ഥ പ്രകാരം സ്ട്രീറ്റ് ലൈറ്റുകൾക്ക് 2 വർഷ വാറന്റി നല്കിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ KEL കരാർ വ്യവസ്ഥകൾ പാലിക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിനുണ്ടായ കഷ്ട-നഷ്ടങ്ങൾക്ക് ഏതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(30-10-2021 ലെ ഓഡിറ്റ് എൻക്വയറി നം.49)

## 1-34 സ്നേഹക്കൂട്-വയോജനങ്ങൾക്ക് - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 9/20 സ്നേഹക്കൂട്-വയോജനങ്ങൾക്ക് (ഉപ്പ് തൊട്ട് കർപ്പൂരം വരെ നിക്ഷേപിക്കാവുന്ന സ്റ്റീൽ ബക്കറ്റ്) എന്ന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ എല്ലാ ഘടകസ്ഥാപനങ്ങളിലും സ്റ്റീൽ ബക്കറ്റ് വാങ്ങിസ്ഥാപിക്കുകയും പൊതുജനങ്ങളിൽ നിന്നും ഈ ബക്കറ്റിൽ ഉപ്പ് മുതൽ കർപ്പൂരം വരെയുള്ള സാധനങ്ങൾ നിക്ഷേപമായി സ്വീകരിച്ച്, ആയതു വഴി ലഭ്യമാകുന്ന സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നിരാലംബരായ വയോജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്.

പദ്ധതിക്കായി തനത് ഫണ്ട് വിനിയോഗിച്ച് കൊണ്ട് വൗച്ചർ നം. 21901403/17.01.20 പ്രകാരം ₹25000/- രൂപക്ക് 10 സ്റ്റീൽ ബക്കറ്റും, വൗച്ചർ നം. 21901566/11.02.20 പ്രകാരം ₹4990/- രൂപക്ക് 2 'ഡ്രം സ്റ്റീൽ വെസലും' അയിഷ വെസ്സൽസ് പഴയന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളതാണ്. രണ്ടാമതായി പറഞ്ഞ ₹4990/-യുടെ വിവരങ്ങൾ പദ്ധതിയുടെ സുലേഖകണക്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. പ്രസ്തുത ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളോ, ഘടകസ്ഥാപനങ്ങളിൽ സ്ഥാപിച്ചതിന്റെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതി പ്രകാരം നിക്ഷേപമായി സ്വീകരിച്ച ഇനങ്ങളുടെയോ, അവ വിതരണം നടത്തിയതിന്റെയോ വിവരങ്ങൾ കാണിക്കുന്ന യാതൊരു രേഖയും പ്രോജക്ടിന്റെ ഫയലിൽ ഇല്ല. പ്രോജക്ടിന്റെ തുടർ പ്രവർത്തനങ്ങളുടെ യാതൊരു വിവരങ്ങളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
പൊതുപണം വിനിയോഗിച്ച് കൊണ്ട് ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ, പദ്ധതിയുടെ തുടർ പ്രവർത്തനത്തിലും, പ്രയോഗ തലത്തിലെ നിർവ്വഹണത്തിലും വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതാണ്.
സ്റ്റോക്ക് എൻട്രിയുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവുചെയ്ത ₹29,990/-യുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം.60/30-10-2021)

## 1-35 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വാഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ | പ്രോജക്ടിന്റെ പേരുവിവരം | വൗച്ചർ നം | തുക |
|---|---|---|---|

| നം. | | | |
|---|---|---|---|
| 1 | 1/20 SSA വിഹിതം നൽകൽ (ഡെവലപ്പ്മെന്റ് ഫണ്ട് (ജനറൽ) | 21901077/18.10.19 | 2,00,000 |
| 2 | 3/20 IKM വിഹിതം നല്കൽ (ഡെവലപ്പ്മെന്റ് ഫണ്ട് (ജനറൽ) | 21901081/24.10.19 | 1,48,175 |
| 3 | 6/20 ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് തുക നല്കൽ | 21901665/13.11.19 (ഡെവലപ്പ്മെന്റ് ഫണ്ട് (ജനറൽ) | 2,00,000 |
| | | 21900413/01-07-19 (തനത് ഫണ്ട്) | 5,00,000 |
| 4 | 39/21 SSA വിഹിതം നൽകൽ (ഡെവലപ്പ്മെന്റ് ഫണ്ട് (ജനറൽ) | 22001985/18.01.21 | 2,00,000 |
| 5 | 278/20കൊട്ടാരഅമ്പല കുടിവെള്ള പദ്ധതിയ്ക്ക് KSEB ലൈൻ വലിക്കൽ (അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ ചേലക്കര നല്കിയ 28-05-19 ലെ DB.26/PPS /ES.CKA/Demand/19-20 നമ്പർ കത്ത്) | 21900520/18-07-19 (തനത് ഫണ്ട്) | 82,822 |

വിനിയോഗ സാക്ഷ്യപത്രങ്ങൾ നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.50/30-10-21 &46/29.10.21)

## 1-36 സമഗ്ര നെൽകൃഷി വികസനം - നെൽവിത്ത് വിതരണ രേഖകൾ ഹാജരാക്കിയില്ല

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ 27/20 സമഗ്ര നെൽകൃഷി വികസനം പ്രോജക്ടിൽ നെൽ വിത്ത് വിവിധ ഏജൻസികളിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്തതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേരുവിവരം | വൗച്ചർ നമ്പർ / തിയതി | വിതരണം നടത്തിയ കാർഷിക വിഭവങ്ങൾ | ഇൻവോയ്സ് നം. |
|---|---|---|---|---|
| 1 | 27/20 സമഗ്ര നെൽകൃഷി വികസനം | 21901540/29.01.20 തുക:₹2,84,460 | ജ്യോതി നെൽവിത്ത്- 6540Kg. | KSSDA Bill No.812/2019-20 Dt: 18.09.19 & |
| | | | ഉമ നെൽവിത്ത്- 6090 Kg. | KSSDA Bill No.906/2019-20 Dt: 26.09.19 |
| | | | മനുരത്ന നെൽവിത്ത്- 3000 Kg. | കാർഷിക സർവ്വകലാശാല ഇൻവോയ്സ് നം.STU/RF /44/2019-20 Dt: 23.10.19 |

രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിയിൽ ചെലവഴിച്ച ₹2,84,460/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം.19/27-10-21)

## 1-37 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -2019 - 2020

പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷത്തെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച പൊതു അവലോകനം താഴെ ചേർക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| 1 | വർഷത്തെ മൊത്തം അടങ്കൽ | | | | 8,42,36,888 | |
| 2 | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| | ഭരണ ചെലവുകൾക്ക് | 1078 | 1754810 | 1755888 | 1755888 | 0 |
| | തൊഴിലാളിക്ക് നേരിട്ട് | 0 | 71718000 | 71718000 | 71718000 | |
| | മെറ്റീരിയൽ | 0 | 10763000 | 10763000 | 10763000 | |
| | ആകെ | 1078 | 85073810 | 85074888 | 84236888 | |
| 3 | വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | | | | 316 | |
| 4 | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | | | | 217 | |
| 5 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | | | | 6564 | |
| 6 | വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | | | | |

| സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|
| 249867 | 9488 | 259355 |

| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 68708 | 1214 | 189433 | 259355 |

| | | |
|---|---|---|
| 7 | വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 3455 |
| 8 | വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 1208 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമ്പത്തിക വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | 0 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത വേതനം | 71718000 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമ്പത്തിക വർഷാവസാനം (മാർച്ച് 31ന്) വിതരണം ചെയ്യാൻ കുടിശ്ശികയുള്ള വേതനം | 0 |
| 12 | സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | 1076300 |
| 13 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | |

സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്, ജല സംരക്ഷണം | 104 | 3,52,34,769 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 16 | 1,59,939 |

| | | | |
|---|---|---|---|
| 3 | ചെറുകിട ജലസേചനം | 0 | 0 |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 15 | 43,54,772 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 30 | 53,86,852 |
| 6 | ഭൂവികസനം | 69 | 2,47,31,338 |
| 7 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 0 | 0 |
| 8 | മറ്റുള്ളവ (വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചുണ്ടെങ്കിൽ വിവരം രേഖപ്പെടുത്തുക) | 76 | 1,33,82,641 |
| 9 | കൺവർജൻസ് പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിശദാംശം | 6 | 986577 |
| | ആകെ | 316 | 8,42,36,888 |

പൊതു സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ അപര്യാപ്തത മേൽ പ്രവർത്തനങ്ങളിൽ കാണാവുന്നതാണ്. സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ ഉണ്ടാവേണ്ടതാണ്.

## 1-38 അസറ്റ് മാനേജ്മെന്റ് മാനുവൽ - നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017-ലെ ജി.ഒ(ആർ.ടി)നം.166/17/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2019-20 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം. 17 തീ. 26.10.21 ) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു

വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(ii) പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന്റെ ഭാഗമായി റോഡുകളും മറ്റ് പൊതുആസ്തികളും അളന്ന് തിട്ടപ്പെടുത്തി മൊബൈൽ മാപ്പിംഗ് നടത്തി സൂക്ഷിക്കുന്നതിനും, ഇതിനുവേണ്ടി രണ്ട് സാങ്കേതികജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും പഞ്ചായത്ത് ഭരണസമിതി 16.07.19ലെ തീരുമാനം 10(3) പ്രകാരം തീരുമാനം എടുത്തിരുന്നു എങ്കിലും തുടർവിവരം ലഭ്യമല്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

(iii) പഴയന്നൂർ വില്ലേജിലെ 1393/4 ൽ ഉൾപ്പെട്ട ഭൂമി ഇടവഴി പുറമ്പോക്ക് ഇനത്തിൽ ഉൾപ്പെട്ട് വരുന്നതാണെന്നും പ്രസ്തുത ഭൂമി ശ്രീ. ഇബ്രാഹിം പാറക്കൽ കമ്പളക്കോട് മുതൽ 4 പേർ കയ്യേറിയിട്ടുണ്ടെന്നും തലപ്പിള്ളി തഹസിൽദാർ(ഭൂരേഖ) അറിയിച്ചതനുസരിച്ച് ഭൂസംരക്ഷണ നിയമപ്രകാരം തുടർനടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി പഞ്ചായത്ത് ഭരണസമിതി 31.08.19-ലെ തീരുമാനം 1(2) പ്രകാരം തീരുമാനം എടുത്തിരുന്നു എങ്കിലും തുടർവിവരം ലഭ്യമല്ല.

(iv) പഴയന്നൂർ ടൗണിൽ ആലത്തൂർ റോഡ്, തൃശ്ശൂർ റോഡ്, തിരുവില്വാമല റോഡ് എന്നിവിടങ്ങളിൽ കഴിഞ്ഞവർഷമുണ്ടായ മഹാപ്രളയത്തിലും, ആഗസ്റ്റ് 2019 സമയത്തുണ്ടായ വെള്ളക്കെട്ടിനും കാരണം സമീപത്തെ തോടുകളും കാനകളും അനധികൃതമായി കൈയേറി വീതി കുറഞ്ഞതുമൂലം വെള്ളം സുഗമമായി ഒഴുകിപോകാത്തത് കാരണമാണെന്ന് കമ്മറ്റി നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ടൗണിലെ കൈതക്കോട് തോട്, വേട്ടേക്കൊരുമകൻ കാവിന് പുറകുവശത്തെ തോട് എന്നിവ അളന്നുതിരിക്കുന്നതിന് ജില്ലാ സർവേയർക്ക് അപേക്ഷ നൽകാൻ പഞ്ചായത്ത് ഭരണസമിതി 31.08.19-ലെ തീരുമാനം 1(1) പ്രകാരം നിശ്ചയിച്ചിരുന്നു എങ്കിലും തുടർവിവരം ലഭ്യമല്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-39 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പി.ഡബ്ല്യു.ഡി-ഉത്തരവ് പ്രകാരം പുതുക്കിയ പി.ഡബ്ല്യു.ഡി മാനവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാനവൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പി.ഡബ്ല്യു.ഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം.30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA

യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡി മാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 53/30.10.21.)

## 1-40 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാനുവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) പ്രവർത്തനകലണ്ടർ – കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാനുവൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കേണ്ടതാണെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

3) മിക്ക പ്രവൃത്തികളിലും ആസ്തിയുടെ യുണീക്ക് നമ്പർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നില്ല. അതുകാരണം ആസ്തിയുടെ അസ്ഥിത്വം ഉറപ്പിക്കാനാവുന്നില്ല.

ഉദാഹരണം 1) 240/20 കാങ്കൂൾ പുനരുദ്ധാരണം

2) 227/20 വെള്ളപ്പാറ കുടിവെള്ള പദ്ധതി

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 53/30.10.21.)

## 1-41 പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തി - 2,99,766 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

2019-20 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി "പഴയന്നൂർ ടൗൺ കാന

പുനരുദ്ധാരണം" എന്ന പ്രോജക്ട് (പ്രോജക്ട് നം.109/20) നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിക്കായി വൗച്ചർ നം. 21901949/29.01.20 പ്രകാരം വികസനഫണ്ട് (ജനറൽ) ൽ നിന്നും 2,99,766 രൂപ ചെലവഴിച്ചിട്ടുണ്ട്. എം ബുക്കിലെ (നമ്പർ 207/19-20, 208/19-20) രേഖപ്പെടുത്തൽ പ്രകാരം ടൗൺ ഭാഗത്ത് നിന്ന് എളനാട് ഭാഗത്തേക്കുള്ള റോഡിൽ ചെയിനേജ് 0.000 ൽ നിന്നും ആരംഭിച്ച് 50 മീറ്റർ നീളത്തിലും, തിരുവില്വാമല റോഡിൽ ചെയിനേജ് 0.000-ൽ നിന്നും ആരംഭിച്ച് 75 മീറ്റർ നീളത്തിലും, ആലത്തൂർ റോഡിൽ ചെയിനേജ് 0.000-ൽ നിന്നും ആരംഭിച്ച് 75 മീറ്റർ നീളത്തിലും ആണ് കാന നിർമ്മാണം നടത്തിയിട്ടുള്ളത്. എന്നാൽ പഴയന്നൂർ ടൗൺ ഭാഗത്തുകൂടെ കടന്നുപോകുന്ന റോഡുകൾ PWD റോഡുകൾ ആണ്. അതിനാൽ പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തിയത് ക്രമത്തിലല്ല.

അപാകതക്ക് മറുപടി ലഭ്യമാക്കാനും, ഇപ്രകാരം പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തിയത് പ്രത്യേക അനുമതി തേടി ആണെങ്കിൽ പ്രസ്തുത അനുമതി ഉത്തരവ് ഹാജരാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (എൻക്വയറി നം. 34/28.10.21). ആയതിന് ലഭ്യമാക്കിയ മറുപടി പ്രകാരം, പഞ്ചായത്തിലെ തിരക്കേറിയ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത കാനയുടെ മുകളിലുള്ള സ്ലാബുകളുടെ ശോചനീയാവസ്ഥ കൊണ്ട് ജനങ്ങളുടെ സഞ്ചാരം ബുദ്ധിമുട്ടായതു കൊണ്ടാണ് പഞ്ചായത്ത് കമ്മറ്റി പ്രോജക്ട് നടപ്പാക്കാൻ തീരുമാനിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്.

മറുപടി പരിഗണിച്ചാൽ പോലും പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തിയതിന് PWD യിൽ നിന്നും പ്രത്യേക അനുമതി തേടേണ്ടതായിരുന്നു. അനുമതി തേടാതെ നിർമ്മാണം നടത്തിയതിനാൽ ഈ നടപടിക്ക് PWD യിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതും, 2018-19 ലോ, 2019-20 ലോ PWD യിൽ നിന്നും പ്രസ്തുത റോഡുകളുടെ ഈ ചെയിനേജുകളിൽ ഇപ്രകാരമുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് പണം ചെലവഴിച്ചിട്ടില്ല എന്ന് ഉറപ്പാക്കി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ഈ പ്രവൃത്തിക്കായി ചെലവഴിച്ച 2,99,766 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 ആയുർവേദ ആശുപത്രിയിൽ കുഴൽകിണർ നിർമ്മാണം - അപാകതകൾ - ചെലവ് തുക 76800 രൂപ തടസ്സത്തിൽ വെയ്ക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 235/20 |
| പ്രോജക്ട് | ആയുർവേദ ആശുപത്രി കുഴൽകിണർ |
| സാങ്കേതികാനുമതി | 88282/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/122463 Dtd. 28.09.18 |
| സാങ്കേതികാനുമതി തുക | 1,50,000 രൂപ |
| കരാറുകാരൻ | ശ്രീ.പി.കെ.കൃഷ്ണദാസ് |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 80/AE/LSGD/PZR/18-19 Dtd. 30.11.18 |
| എം.ബുക്ക് | 593/19-20 |
| വൗച്ചർ നമ്പർ, തുക | 21901916/28.11.19 = 76800 (MG NR) |

പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ആശുപത്രിയിൽ ആയത് പരിഹരിക്കുന്നതിനായി പുതിയതായി ഒരു കുഴൽകിണർ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ അഞ്ച് ഇനം പ്രവൃത്തിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ സൈറ്റ് ഇൻവെസ്റ്റിഗേഷനും, 150 Mm വ്യാസത്തിൽ കുഴൽകിണർ നിർമ്മിക്കുന്നതിനും, 180 Mm വ്യാസത്തിൽ 20 മീറ്റർ നീളത്തിൽ Casing Pipe നൽകുന്നതിനും ആണ് പ്രധാനമായും തുക വകയിരുത്തിയിട്ടുള്ളത്.

കുഴൽകിണർ നിർമ്മാണം എന്ന പ്രവൃത്തി നടത്തിവരവെ, എസ്റ്റിമേറ്റ് പ്രകാരം വിഭാവനം ചെയ്ത അളവിൽ കുഴൽകിണർ നിർമ്മിക്കാൻ വണ്ടിനിർത്താൻ സാധിക്കാത്തതിനാൽ ചെറിയ വണ്ടി ഉപയോഗിച്ച് 110 Mm വ്യാസത്തിൽ കുഴൽകിണർ നിർമ്മിക്കുന്നതിന് 17.08.19 ലെ പഞ്ചായത്ത് തീരുമാനം 10(6) പ്രകാരം നിശ്ചയിക്കുകയും അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. തുടർന്ന് പ്രവൃത്തി നിർവ്വഹിച്ച കരാറുകാരന് മേൽ പ്രകാരം തുക അനുവദിക്കുകയും ചെയ്തു.

ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 22/27.10.21) നൽകുകയുണ്ടായി.

1) മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനത്തിൽ പുതിയ ആസ്തി സൃഷ്ടിക്കുന്നതിന് തുക ചെലവഴിച്ചത് ക്രമത്തിലല്ല.

2) സൃഷ്ടിക്കപ്പെട്ട ആസ്തി ഉപയോഗക്രമത്തിലാകണമെങ്കിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ച് മോട്ടോർ സ്ഥാപിക്കേണ്ടതായുണ്ട്. എന്നാൽ അപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചതായി കാണുന്നില്ല. അതിനാൽ നിലവിൽ കുഴൽകിണർ ഉപയോഗപ്പെടുത്തുന്നത് എങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

3) Yield Test നടത്തിയതായി രേഖകൾ ഇല്ല.

പ്രസ്തുത എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയനുസരിച്ച് 10.12.2010 ലെ ജി.ഒ (എം.എസ്)നം.300/2010/ത.സ്വ.ഭ.വ യിലെ വ്യവസ്ഥ അനുവദിച്ചത് പ്രകാരമാണ് ഈ പ്രൊജക്ട് നടപ്പാക്കിയതെന്നും, പ്രസ്തുത ബോർവെല്ലിൽ നിന്നും വെള്ളം ലഭിച്ചിട്ടില്ലാത്തതിനാലാണ് തുടർപ്രവർത്തനം നടത്തിയിട്ടില്ലാത്തതെന്നുമാണ് അറിയിച്ചത്.

എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 29.01.18 ലെ സ.ഉ(കൈ)11/18/ത.സ്വ.ഭ.വ ഖണ്ഡിക 6.7 ലെ വ്യവസ്ഥകൾ പ്രകാരം റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഇപ്രകാരം പുതിയനിർമ്മാണം അനുവദിച്ചതായി ചേർത്തിട്ടില്ല. പൊതുസ്ഥാപനങ്ങളിലെ മഴവെള്ള സംഭരണികളുടെ പുനരുദ്ധാരണത്തിന് റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുപുറമേ, ഈ പ്രൊജക്ട് വിഭാവനം ചെയ്ത അവസരത്തിലോ, നിർമ്മാണം പൂർത്തീകരിച്ച് കുടിവെള്ളം ലഭിക്കുന്നതിൽ പരാജയപ്പെട്ടപ്പോഴോ (Yield Test നടത്തിയതായി രേഖകൾ ഇല്ലാത്തതാണ്) ആയുർവേദ ആശുപത്രി പോലെ പ്രാധാന്യമുള്ള പ്രദേശത്ത് കുടിവെള്ളം എങ്ങിനെയാണ് ലഭ്യമായികൊണ്ടിരിക്കുന്നത് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുമില്ല.

ഈ സാഹചര്യത്തിൽ റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഇപ്രകാരം പുതിയനിർമ്മാണം അനുവദനീയമാണോ എന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും സ്പഷ്ടത വരുത്തി പ്രസ്തുത വിവരവും, ഈ പ്രോജക്ട് വിഭാവനം ചെയ്ത അവസരത്തിലോ, നിർമ്മാണം പൂർത്തീകരിച്ച് കുടിവെള്ളം ലഭിക്കുന്നതിൽ പരാജയപ്പെട്ടപ്പോഴോ ആയുർവേദ ആശുപത്രി പോലെ പ്രാധാന്യമുള്ള പ്രദേശത്ത് കുടിവെള്ളം എങ്ങിനെയാണ് ലഭ്യമായികൊണ്ടിരിക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 76,800 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-43 കുന്നംപുള്ളി ലൈഫ് ഭവനപദ്ധതി സ്ഥലത്ത് കുടിവെള്ളപദ്ധതി - അപാകതകൾ- പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ച 1,97,149/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 209/20 |
| പ്രോജക്ട് | കുന്നംപുള്ളി ലൈഫ് ഭവനപദ്ധതി സ്ഥലത്ത് കുടിവെള്ളപദ്ധതി |
| സാങ്കേതികാനുമതി | 99327/2017-18 |
| എസ്റ്റിമേറ്റ് നം. | 2018/3574 |
| സാങ്കേതികാനുമതി തുക | 2,00,000/- രൂപ |
| കരാറുകാരൻ | ശ്രീ.കെ.കെ.അബ്ബാസ് |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 74/AE/LSGD/PZR/17-18 Dtd. 31.03.18 |
| എം.ബുക്ക് | 53/18-19 |
| വൗച്ചർ നമ്പർ, തുക | 21901645/25.09.19 = 1,37,425 (CFC Grant)<br>21901646/25.09.19 = 59,724 (CFC |

| | | |
|---|---|---|
| | | Grant) |

പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കുന്നംപുള്ളി ലൈഫ് ഭവനിൽ പുതിയതായി കുഴൽകിണർ കുഴിച്ച് 7.5 HP മോട്ടോർ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ അഞ്ച് ഇനം പ്രവൃത്തിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ സൈറ്റ് ഇൻവെസ്റ്റിഗേഷനും, 150 Mm വ്യാസത്തിൽ കുഴൽകിണർ നിർമ്മിക്കുന്നതിനും, 180 Mm വ്യാസത്തിൽ 20 മീറ്റർ നീളത്തിൽ Casing Pipe നൽകുന്നതിനും, 7.5 HP മോട്ടോർ സ്ഥാപിക്കുന്നതിനുമാണ് പ്രധാനമായും തുക വകയിരുത്തിയിട്ടുള്ളത്.

19.11.18-ന് നടന്ന ഭരണ സമിതിയുടെ സാധാരണയോഗത്തിലെ 23(14) നമ്പർ തീരുമാനപ്രകാരം മോട്ടോർ വാങ്ങുന്നതിനായി ക്വട്ടേഷൻ വിളിക്കുന്നതിനും, പമ്പ് ഹൗസ് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് അടങ്കൽ തുകയിൽ അധികരിക്കാതെ പുതുക്കുന്നതിനും തീരുമാനിച്ചു. 06.03.19 ലെ ഭരണ സമിതിയുടെ 24(10) നമ്പർ തീരുമാനപ്രകാരം മോട്ടോറിനും അനുബന്ധ ഉപകരണങ്ങൾക്കുമായി ശ്രീ. വി.പി.ഹരിനാരായണൻ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. പ്രവൃത്തിയുടെ നിർവ്വഹണത്തിന് മേൽതീരുമാനങ്ങളെ തുടർന്ന് ആവശ്യമായ പുതുക്കിയ സാങ്കേതികാനുമതിയും ലഭ്യമാക്കി. തുടർന്ന് പ്രവൃത്തി നിർവ്വഹിച്ച കരാറുകാരന് മേൽ പ്രകാരം തുക അനുവദിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ .21/27.10.21) നൽകിയിരുന്നു.

1) മോട്ടോർ സ്ഥാപിക്കുന്നതിനായി അംഗീകരിച്ച ക്വട്ടേഷൻ പ്രകാരമുള്ള ടാക്സ് ഇൻവോയ്സ് ബിൽ ശ്രീ.വി.പി.ഹരിനാരായണൻ സമർപ്പിച്ചതായി ഫയലിൽ രേഖകൾ ഇല്ല. മറിച്ച് മരാമത്ത് ബില്ല് തയ്യാറാക്കുന്ന രീതിയിൽ ക്വട്ടേഷൻ പ്രകാരമുള്ള മൂല്യം രേഖപ്പെടുത്തി തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

2) മോട്ടോർ സ്ഥാപിക്കുന്നതിനായി ആവശ്യമായ ഇലക്ട്രിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണെന്നോ, വെള്ളം പമ്പ് ചെയ്ത് ശേഖരിക്കുന്നതിനാവശ്യമായ വാട്ടർടാങ്ക് ലഭ്യമാണെന്നോ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. സൃഷ്ടിക്കപ്പെട്ട ആസ്തി ഉപയോഗക്രമത്തിലാകണമെങ്കിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ച് മോട്ടോർ സ്ഥാപിക്കേണ്ടതായുണ്ട്. എന്നാൽ അപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചതായി കാണുന്നില്ല. അതിനാൽ നിലവിൽ കുഴൽകിണർ ഉപയോഗപ്പെടുത്തുന്നത് എങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

3) Yield Test നടത്തിയതായി രേഖകൾ ഇല്ല.

എന്നാൽ അതിന് ഭാഗികമായി മാത്രമാണ് മറുപടി ലഭ്യമാക്കിയത്. അപാകത (1) ന് മറുപടി ലഭ്യമാക്കിയില്ല. ജലലഭ്യത കൂടുതൽ ആയതിനാലാണ് Yield Test നടത്താതിരുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ സെക്രട്ടറിയുടെ പ്രോജക്ടായി പൂർത്തീകരിച്ചിട്ടുണ്ടെന്നും, പദ്ധതിയിൽ നിന്നുള്ള വെള്ളം Compound Wall നിർമ്മാണത്തിന് മാത്രമാണ് ഉപയോഗിച്ചിട്ടുള്ളതെന്നും അതിനാലാണ് താൽക്കാലികമായി 2 HP മോട്ടോർ വാങ്ങുന്നതിന് തീരുമാനിച്ചതെന്നും അറിയിച്ചു. ലൈഫ് പദ്ധതിയുടെ ഭാഗമായി 40 യൂണിറ്റ് ഫ്ലാറ്റ് നിർമ്മാണം നടന്നുവരികയാണെന്നും പദ്ധതിയുടെ ആവശ്യകത കൂടി കണക്കിലെടുത്ത് മോട്ടോർ, വാട്ടർടാങ്ക് തുടങ്ങിയ അനുബന്ധപ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് അക്രഡിറ്റഡ് ഏജൻസി പ്രോജക്ട് തയ്യാറാക്കിയതും പൂർത്തീകരിച്ചുവരുന്നതും എന്നാണ് അറിയിച്ചിട്ടുള്ളത്.

ഈ മറുപടി പരിഗണനാർഹമായി കാണുന്നില്ല. 2019-20 ലെ സുലേഖപത്രിക പ്രകാരം "കുന്നംപുള്ളി (ലൈഫ്) കുടിവെള്ളപദ്ധതിക്ക് വൈദ്യുതി എത്തിക്കൽ" എന്ന പ്രോജക്ട് (പ്രോജക്ട് നം. 263/20) വിഭാവനം ചെയ്തെങ്കിലും നടപ്പായിട്ടില്ല. ഈ പ്രോജക്ട് സ്പിൽഓവറായി 2020-21 ൽ (പ്രോജക്ട് നം. 328/21) ഉൾപ്പെടുത്തിയെങ്കിലും നടപ്പാക്കിയിട്ടില്ല. അക്രഡിറ്റഡ് ഏജൻസി തയ്യാറാക്കിയ ലൈഫ് പ്രോജക്റ്റിൽ മോട്ടോർ, വാട്ടർടാങ്ക് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ കിണർനിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തതയില്ല.

മേൽ വിവരിച്ച കാരണങ്ങളാൽ, അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാകുന്നതുവരെ, ഈ പ്രോജക്റ്റിന്റെ ഭാഗമായി ചെലവഴിച്ച 1,97,149/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 വൃദ്ധർക്ക് പകൽവീട് നിർമ്മാണം പ്രവൃത്തി - അപാകതകൾ

ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തികവർഷത്തിൽ വിഭാവനം ചെയ്ത ഈ പദ്ധതിപ്രവർത്തനത്തിന് (നമ്പർ 120/18) 15 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കോസ്റ്റ്ഫോർഡ് മുഖേനയാണ് പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് കരാർ വെച്ചിട്ടുള്ളത്. ആദ്യം കരാറുകാരന്റെ ലാഭവിഹിതം അടക്കം ചേർന്ന എസ്റ്റിമേറ്റിന് 26.08.17 നാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത് (നമ്പർ 67375/2017-18, ഉത്തരവ് LSGD/TS/2017-18/111209 തീയതി. 26.08.17 ). കോസ്റ്റ്ഫോർഡുമായി കരാറിൽ ഏർപ്പെട്ടശേഷം, കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തിയും, കെട്ടിടത്തിന്റെ സ്വഭാവവിശേഷങ്ങളിൽ മാറ്റം ആവശ്യമായതിനാലും പുതുക്കിയസാങ്കേതികാനുമതി

ലഭ്യമാക്കുകയുണ്ടായി (നമ്പർ 109400/2017-18 തീയതി 29.07.19). പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) കോസ്റ്റ്ഫോർഡുമായി ഏർപ്പെട്ട കരാറിൽ എഞ്ചിനീയർ ഒപ്പ് വെച്ചിട്ടില്ല.

2) കരാർ വ്യവസ്ഥകളിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ചേർക്കേണ്ട ഭാഗം പൂർത്തീകരിച്ചിട്ടില്ല.

3) 2017-18 ൽ കോസ്റ്റ്ഫോർഡിന് 3,00,000 രൂപ മുൻകൂർ നൽകിയതിനുള്ള Utilisation Certificate സ്ഥാപനം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 2019-20 ൽ നൽകിയ 3,00,000 (വൗച്ചർ നം. 21901667/08.11.19 DF G) രൂപക്ക് Utilisation Certificate ലഭ്യമായിട്ടില്ല. 2020-21 ലും പദ്ധതിപ്രവർത്തനത്തിനായി തുക വകയിരുത്തിയിരുന്നെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

4) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം വയോജനക്ഷേമം മുൻ നിർത്തി ഇപ്രകാരം ഒരു പ്രവർത്തനം ഏറ്റെടുക്കേണ്ടത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലോ, പൊതുവായ ചുമതലയിലോ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിലോ ഉൾപ്പെട്ടിട്ടുള്ളതല്ല. 2007 ലെ The Maintenance And Welfare Of Parents And Senior Citizens Act (കേന്ദ്രനിയമം) ലെ സെക്ഷൻ 19 പ്രകാരം Old Age Homes ന്റെ Establishment ഉം Maintenance ഉം, അവിടങ്ങളിൽ നൽകേണ്ട സേവനങ്ങളുടെ Standards നിശ്ചയിക്കുക എന്നുള്ളതും സംസ്ഥാന സർക്കാരുകളുടെ ചുമതലയിൽപ്പെട്ട വിഷയവുമാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഇപ്രകാരം ഒരു പ്രവർത്തനം ഏറ്റെടുക്കാനുള്ള കാരണവും രേഖപ്പെടുത്തിയിട്ടില്ല.

5) കോസ്റ്റ്ഫോർഡ് പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്, നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകയോ, ഭരണസമിതി മുൻപാകയോ ഏതെങ്കിലും തരത്തിലുള്ള കുറിപ്പ് നൽകിയതായോ, സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ പ്രവൃത്തിയുടെ റിവ്യൂ നടത്തി കോസ്റ്റ്ഫോർഡിന് കത്ത് നൽകിയതായോ ഫയലിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/26.10.21)

## 1-45 വെള്ളപ്പാറ കുടിവെള്ളപദ്ധതി- അപാകതകൾ (പ്രൊജക്റ്റ് 227/20 )

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 227/20 , 125/19 |
| പ്രോജക്റ്റ് | വെള്ളപ്പാറ കുടിവെള്ളപദ്ധതി |
| സാങ്കേതികാനുമതി | 26378/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/51062 Dtd. 30.05.18 |
| സാങ്കേതികാനുമതി തുക | 2,00,000 രൂപ |
| കരാറുകാരൻ | ശ്രീ. എൻ.ഹക്കീം |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 55/AE/LSGD/PZR/18-19 Dtd. 29.09.18 |
| എം.ബുക്ക് | 55/18-19 |
| വൗച്ചർ നമ്പർ, തുക | 21901642/25.09.19 = 1,78,724 (CFC Grant) |

പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിലുള്ള കുഴൽ കിണറിൽ മോട്ടോർ ഇറക്കി പൈപ്പ് ലൈൻ നീട്ടി കുടിവെള്ള പരിഹാരത്തിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആകെ രണ്ടിനങ്ങൾ മാത്രമുള്ള പദ്ധതി പ്രവർത്തനത്തിൽ ഒന്നാം ഇനം 5HPമോട്ടോർ സ്ഥാപിക്കുക എന്നതും, രണ്ടാം ഇനം 400 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ നീട്ടുക എന്നുള്ളതുമാണ്. 06.03.19 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 24(13) പ്രകാരം, ജില്ലാ പഞ്ചായത്തിന്റെ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും അനുമതി ലഭിച്ചത് പ്രകാരം (പ്രസ്തുത അനുമതി ഫയലിൽ ഇല്ല) 5HP ക്ക് പകരം 7.5HP പമ്പ് സെറ്റ് ഉപയോഗിച്ച് കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കാനും കുറച്ച് ഭാഗം GI പൈപ്പ് ഇട്ട് പ്രവൃത്തി നടപ്പിലാക്കാനും അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിലും നിർവ്വഹണത്തിലും അപ്രകാരം പ്രവൃത്തി ഉൾപ്പെടുത്തിയതായാണ് കാണുന്നത്. ഇതിനു പുറമേ Ready Made RCC Slab ന്റെ മോട്ടോർ ഷെഡും, 21 മീറ്റർ നീളത്തിൽ GI പൈപ്പിന്റെ ഫിറ്റിംഗ്സും രണ്ടിനം എക്സ്ട്രാ ഐറ്റം ആയും നിർവ്വഹിച്ചിട്ടുണ്ട്. ഇപ്രകാരം പ്രവൃത്തി

നിർവ്വഹിച്ച കരാറുകാരന് മേൽ പ്രകാരം തുക അനുവദിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1) പ്രവൃത്തിക്ക് പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചതായി ഫയലിൽ രേഖയില്ല.

2) മോട്ടോർ സ്ഥാപിക്കുന്നതിനായി ആവശ്യമായ ഇലക്ട്രിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണെന്നോ, വെള്ളം പമ്പ് ചെയ്ത് ശേഖരിക്കുന്നതിനാവശ്യമായ വാട്ടർടാങ്ക് ലഭ്യമാണെന്നോ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. സൃഷ്ടിക്കപ്പെട്ട ആസ്തി ഉപയോഗക്രമത്തിലാകണമെങ്കിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ച് മോട്ടോർ സ്ഥാപിക്കേണ്ടതായുണ്ട്. എന്നാൽ അപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചതായി കാണുന്നില്ല. അതിനാൽ നിലവിൽ കുഴൽകിണർ ഉപയോഗപ്പെടുത്തുന്നത് എങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

3) Yield Test നടത്തിയതായി രേഖകൾ ഇല്ല.

അപാകതകൾക്ക് വ്യക്തവും, ന്യായയുക്തവുമായ മറുപടി ലഭ്യമാക്കുന്നതുവരെ 1,78,724 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.32/28.10.21)

## 1-46 വെള്ളപ്പാറ കുടിവെള്ളപദ്ധതി- അപാകതകൾ (പ്രോജക്ട് 238/20 )-

| | |
|---|---|
| പ്രോജക്ട് നമ്പർ | 238/20 , 270/19 |
| പ്രോജക്ട് | വെള്ളപ്പാറ കുടിവെള്ളപദ്ധതി |
| സാങ്കേതികാനുമതി | 88696/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/122918 Dtd. 29.09.18 |
| സാങ്കേതികാനുമതി തുക | 2,00,000/- രൂപ |
| കരാറുകാരൻ | ശ്രീ.എൻ.ഹക്കീം |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 98/AE/LSGD/PZR/18-19 Dtd. 12.02.19 |
| എം.ബുക്ക് | 56/18-19 |
| വൗച്ചർ നമ്പർ, തുക | 21901634/25.09.19 = 1,46,812 (CFC Grant) |

പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിലുള്ള കുഴൽ കിണറിൽ 5HPമോട്ടോർ, PVC പൈപ്പ് എന്നിവ ഉപയോഗിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ രണ്ടിനങ്ങൾ മാത്രമുള്ള പദ്ധതി പ്രവർത്തനത്തിൽ ഒന്നാം ഇനം 5HPമോട്ടോർ സ്ഥാപിക്കുക എന്നതും, രണ്ടാം ഇനം 400 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ നീട്ടുക എന്നുള്ളതുമാണ്. പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) ടെണ്ടർ ചെയ്ത പ്രവൃത്തിക്ക് രണ്ട് കരാറുകാരാണ് ടെണ്ടർ സമർപ്പിച്ചതായി കാണുന്നത്. ശ്രീ.എൻ ഹക്കീം എസ്റ്റിമേറ്റ് നിരക്കിലും, ശ്രീ.പി.എം.റഷീദ് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5% കുറവിലും. എന്നാൽ ശ്രീ.എൻ ഹക്കീമുമായി എസ്റ്റിമേറ്റ് നിരക്കിൽ കരാറിൽ ഏർപ്പെട്ടതിനാൽ ഈ പ്രവൃത്തിയിൽ ഏറ്റവും ചുരുങ്ങിയത് 7341 ( 146812 X 5% = 7340.6 ~ 7341) രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. 30.01.19 ലെ ഭരണസമിതി തീരുമാനം 13(1) പ്രകാരമാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. അതിനാൽ ഈ അധിക ചെലവ് പ്രസ്തുത തീരുമാനം എടുക്കുന്നതിനായി ശിപാർശ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2) 19.11.18 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 23(16) നംപർ തീരുമാനപ്രകാരം അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചത് പ്രകാരമാണ് പ്രവൃത്തിയുടെ നിർവ്വഹണം നടന്നതായി കാണുന്നതെങ്കിലും പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചതായി ഫയലിൽ രേഖയില്ല. സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തിയിലെ ഇനങ്ങൾക്ക് പകരം വേറെ ഇനം പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത് എന്നതിനാൽ പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കാതെ തുക അനുവദിച്ചത് ക്രമത്തിലല്ല. അതിനാൽ 1,39,471 രൂപയുടെ ചെലവ് ( 1,46,812 – 7,341 = 1,39,471) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 33/28.10.21)

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243-ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

| ക്രമ നം. | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | രാഹുൽ നാരായണൻ, ജൂനിയർ അസിസ്റ്റന്റ് | മണപ്പുറം ഫിൻ ലിമിറ്റഡ് എളനാട് | ഒന്നാം അർദ്ധവർഷം | 63642 | 600 | 450 | 150 |
| 2 | രമ്യ ജോർജ്, ജൂനിയർ അസിസ്റ്റന്റ് | മണപ്പുറം ഫിൻ ലിമിറ്റഡ് എളനാട് | ഒന്നാം അർദ്ധവർഷം | 63642 | 600 | 300 | 300 |
| 3 | വിജയകുമാർ, ജനറൽ മാനേജർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 162000 | 1250x2=2500 | 180x2=360 | 2140 (1070*2) |
| 4 | ഷീജ ഗിരീഷ്, അക്കൗണ്ടന്റ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 73560 | 600x2=1200 | 120x2=240 | 960 (480*2) |
| 5 | സൗരഭ്യ റിജോ, ഫ്രന്റ് ഓഫീസ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 65700 | 600x2=1200 | 120x2=240 | 960 (480*2) |
| 6 | പ്രദീപ് പിഎൻ, ബാർമാൻ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 73560 | 600x2=1200 | 120x2=240 | 960 (480*2) |
| 7 | സതീഷ് ഇ , ബാർമാൻ | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 73560 | 600 | 120 | 480 |
| 8 | രതീഷ്, ബാർമാൻ | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 73560 | 600 | 120 | 480 |
| 9 | രവികുമാർ, കുക്ക് | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 73560 | 600x2=1200 | 120x2=240 | 960 (480*2) |
| 10 | ഗോപീകൃഷ്ണൻ, ബില്ലിംഗ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 60660 | 600 | 120 | 480 |
| 11 | അനീഷ് കെ, വെയ്റ്റർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 60660 | 600 | 120 | 480 |
| 12 | ജിതേഷ്, ബില്ലിംഗ് | രാജ് റീജൻസി, | ഒന്നാം അർദ്ധവർഷം | 60660 | 600 | 120 | 480 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പഴയന്നൂർ | | | | | |
| 13 | വേണുഗോപാൽ, ബില്ലിംഗ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 60660 | 600 | 120 | 480 |
| 14 | രാധാകൃഷ്ണൻ, വെയ്റ്റർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 60660 | 600 | 120 | 480 |
| 15 | സുഭാഷ്, വെയ്റ്റർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 60660 | 600x2=1200 | 120x2=240 | 960 (480*2) |
| 16 | ജനാർദ്ദനൻ, വെയ്റ്റർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 60660 | 600x2=1200 | 120x2=240 | 960 (480*2) |
| 17 | ജലജ, ബില്ലിംഗ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 60660 | 600x2=1200 | 120x2=240 | 960 (480*2) |
| 18 | രഘു, പർച്ചേസർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 60660 | 600x2=1200 | 120x2=240 | 960 (480*2) |
| 19 | പ്രവീൺ, അസിസ്റ്റന്റ് കുക്ക് | രാജ് റീജൻസി, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 65700 | 600 | 120 | 960 (480*2) |
| 20 | രാജി വിജയകുമാർ, ഹൗസ് കീപ്പിങ് | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450x2=900 | 120x2=240 | 660 (330*2) |
| 21 | ശ്രീജ, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450x2=900 | 120x2=240 | 660 (330*2) |
| 22 | ലത ഉണ്ണികൃഷ്ണൻ, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450x2=900 | 120x2=240 | 660 (330*2) |
| 23 | ഷാജിത, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450x2=900 | 120x2=240 | 660 (330*2) |
| 24 | ശാലിനി, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450x2=900 | 120x2=240 | 660 (330*2) |
| 25 | സുമിത്ര, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450x2=900 | 120x2=240 | 660 (330*2) |
| 26 | പ്രിനി വിജയകുമാർ, ക്ലീനർ | രാജ് റീജൻസി, പഴയന്നൂർ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 54540 | 450x2=900 | 120x2=240 | 660 (330*2) |
| 27 | പ്രിയങ്ക ജെ എസ്, ഒ എ | ഗ്രാമ ന്യായാലയ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 133300 | 1250 | 1000 | 250 |
| 28 | പ്രീതി രാംമോഹൻ, | നാരായണ ഇംഗ്ലീഷ് | ഒന്നാം അർദ്ധവർഷം | 63000 | 600 | 300 | 300 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വൈസ് പ്രിസിപ്പാൾ | മീഡിയം സ്കൂൾ, പഴയന്നൂർ | | | | | |
| 29 | ആശ സി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 51000 | 450 | 300 | 150 |
| 30 | മഞ്ജു പി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 51000 | 450 | 300 | 150 |
| 31 | സുജാത കെ ബി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 51000 | 450 | 300 | 150 |
| 32 | ദീപ ടി പി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 51000 | 450 | 300 | 150 |
| 33 | ജയലക്ഷ്മി വി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 51000 | 450 | 300 | 150 |
| 34 | ഗീത ജയപ്രകാശ്, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 57000 | 450 | 300 | 150 |
| 35 | ബിന്ദു ടി എൻ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 57000 | 450 | 300 | 150 |
| 36 | ഉഷകുമാരി പി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 37 | ശോഭ കെ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 38 | വിദ്യ കെ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 39 | ഗീത രാംദാസ്, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 40 | സരിക കെ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 39000 | 300 | 180 | 120 |
| 41 | വിനീത വി, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 39000 | 300 | 180 | 120 |
| 42 | ധന്യ സന്തോഷ്, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 33000 | 300 | 180 | 120 |
| 43 | സൗമ്യ കെ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 33000 | 300 | 180 | 120 |
| 44 | നൗഫിയ എ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 33000 | 300 | 180 | 120 |
| 45 | അരുന്ധതി കെ, ടീച്ചർ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 33000 | 300 | 180 | 120 |
| 46 | ദീപ ആർ, ലൈബ്രേറിയൻ | നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴയന്നൂർ | ഒന്നാം അർദ്ധവർഷം | 21000 | 180 | 120 | 60 |
| 47 | ബിന്ദു ജോൺ, ടീച്ചർ | സാൻജോസ് സെൻട്രൽ സ്കൂൾ | ഒന്നാം അർദ്ധവർഷം | 60178 | 600 | 450 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 48 | സംഗീത കെ, ടീച്ചർ | സാൻജോസ് സെൻട്രൽ സ്കൂൾ | ഒന്നാം അർദ്ധവർഷം | 60178 | 600 | 450 | 150 |
| 49 | അമൽ, ലേബർ | പെർഫെക്റ്റ് എർത്തിങ്, പഴയന്നൂർ | രണ്ടാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 50 | ഷീജ, ലേബർ | പെർഫെക്റ്റ് എർത്തിങ്, പഴയന്നൂർ | രണ്ടാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 51 | ഉഷ, ലേബർ | പെർഫെക്റ്റ് എർത്തിങ്, പഴയന്നൂർ | രണ്ടാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| ആകെ | | | | | | | 22940 |

## 2-2 ലൈസൻസ് ഫീ മുഴുവനായി ഈടാക്കിയില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 ചട്ടങ്ങൾ ചട്ടം (18), പട്ടിക III പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. കുറവായി ഈടാക്കിയ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേരും ലൈസൻസ് നമ്പറും | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | നിള മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് A4/924/2019 തീ 11.2.2019 | 1368 | 13680 | 4000 | 9680 |
| 2 | അമൃത റൈസ് മിൽ A4/6410/2019 തീ 24.10.2019 | 22 | 300 | 200 | 100 |
| | ആകെ | | | | 9780 |

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വെള്ളപ്പാറ കുടിവെള്ളപദ്ധതി- അപാകതകൾ(പ്രൊജക്ട് 238/20 )- 7341 രൂപയുടെ അധികചെലവ് തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 238/20 , 270/19 |
| പ്രോജക്ട് | വെള്ളപ്പാറ കുടിവെള്ളപദ്ധതി |
| സാങ്കേതികാനുമതി | 88696/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/122918 Dtd. 29.09.18 |
| സാങ്കേതികാനുമതി തുക | 2,00,000 രൂപ |
| കരാറുകാരൻ | ശ്രീ.എൻ.ഹക്കീം |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 98/AE/LSGD/PZR/18-19 Dtd. 12.02.19 |
| എം.ബുക്ക് | 56/18-19 |
| വൗച്ചർ നമ്പർ, തുക | 21901634/25.09.19 = 1,46,812 (CFC Grant) |

പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിലുള്ള കുഴൽ കിണറിൽ 5HP മോട്ടോർ, PVC പൈപ്പ് എന്നിവ ഉപയോഗിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ രണ്ടിനങ്ങൾ മാത്രമുള്ള പദ്ധതി പ്രവർത്തനത്തിൽ ഒന്നാം ഇനം 5 HPമോട്ടോർ സ്ഥാപിക്കുക എന്നതും, രണ്ടാം ഇനം 400 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ നീട്ടുക എന്നുള്ളതുമാണ്. പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകത സംഭവിച്ചിട്ടുണ്ട്.

1) ടെണ്ടർ ചെയ്ത പ്രവൃത്തിക്ക് രണ്ട് കരാറുകാരാണ് ടെണ്ടർ സമർപ്പിച്ചതായി കാണുന്നത്. ശ്രീ.എൻ.ഹക്കീം എസ്റ്റിമേറ്റ് നിരക്കിലും, ശ്രീ.പി.എം.റഷീദ് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5% കുറവിലും. എന്നാൽ ശ്രീ.എൻ.ഹക്കീമുമായി എസ്റ്റിമേറ്റ് നിരക്കിൽ കരാറിൽ ഏർപ്പെട്ടതിനാൽ ഈ പ്രവൃത്തിയിൽ ഏറ്റവും ചുരുങ്ങിയത് 7341 ( 146812 X 5% = 7340.6 ~ 7341) രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. 30.01.19 ലെ ഭരണസമിതി തീരുമാനം 13(1) പ്രകാരമാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. അതിനാൽ ഈ അധിക ചെലവ് പ്രസ്തുത തീരുമാനം എടുക്കുന്നതിനായി ശിപാർശ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 33/28.10.21)

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ഒ.ബി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിൻറെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1586279 | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | | 2019-2020 | 258900 | സമഗ്ര പച്ചക്കറി കൃഷി വികസനം - ജനറൽ (പ്രോജക്ട് നമ്പർ - 20/20) | 258900 | 0 |
| | | 2019-2020 | 150000 | സമഗ്ര പച്ചക്കറി കൃഷി വികസനം - വനിത (പ്രോജക്ട് നമ്പർ - 26/20) | 150000 | 0 |
| | | 2019-2020 | 1500000 | സമഗ്ര നെൽകൃഷി വികസനം (പ്രോജക്ട് നമ്പർ - 27/20) | 1500000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 2019-2020 | 240000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ (പ്രോജക്റ്റ് നമ്പർ - 25/20) | 240000 | 0 |
| | | 2019-2020 | 1244000 | ലൈഫ് മിഷൻ ഭവന പദ്ധതി - വിഹിതം മാറ്റി വെക്കൽ (പ്രോജക്റ്റ് നമ്പർ - 45/20) | 1244000 | 0 |
| | | | 872 | ലൈഫ് മിഷൻ ഭവന പദ്ധതി - വിഹിതം നൽകൽ (പ്രോജക്റ്റ് നമ്പർ - 194/20) | 0 | 872 |
| | | 2019-2020 | 1151083 | ലൈഫ് മിഷൻ ഭവന പദ്ധതി - വിഹിതം മാറ്റി വെക്കൽ (പ്രോജക്റ്റ് നമ്പർ - 195/20) | 1151083 | 0 |
| | | 2019-2020 | 1834868 | ലൈഫ് മിഷൻ ഭവന പദ്ധതി - വിഹിതം മാറ്റി വെക്കൽ - എസ്.സി (പ്രോജക്റ്റ് നമ്പർ - 338/20) | 1834868 | 0 |
| | | | 197000 | ഭവനം വാസയോഗ്യമാക്കൽ - എസ്.ടി | 0 | 197000 |
| | | | 72350 | ക്ഷീരവികസനം (ഡി.എഫ്.ഐ) | 0 | 72350 |
| | | | 174807 | ബ്ലോക്ക് ടി.എസ്.പി വിഹിതം | 0 | 174807 |
| | | | 90675 | സമഗ്ര പച്ചക്കറി കൃഷി വികസനം (പ്രോജക്റ്റ് നമ്പർ - 66/19) | 0 | 90675 |
| | | | 100000 | ആശ്രയ ബ്ലോക്ക് കോൺട്രിബ്യൂഷൻ | 0 | 100000 |
| | | | 950575 | ബ്ലോക്ക് വിഹിതം - ലൈഫ് മിഷൻ ഭവന പദ്ധതി | 0 | 950575 |
| ആകെ | 1586279 | | 6378851 | | 6378851 | 1586279 |
| ജില്ലാ പഞ്ചായത്ത് | 14247 | | | | | |
| ജില്ലാ പഞ്ചായത്ത് | | 2019-2020 | 938000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നക്ഷീര കർഷകർക്ക് പാലിന് | 938000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | സബ്സിഡി (പ്രോജക്ട് നമ്പർ - 113/20) | | |
| | | 2019-2020 | 25000 | സാന്ത്വന പരിചരണം (പ്രോജക്ട് നമ്പർ - 12/20) | 25000 | 0 |
| | | 2019-2020 | 2886920 | ലൈഫ് മിഷൻ ഭവന പദ്ധതി - വിഹിതം മാറ്റി വെക്കൽ (പ്രോജക്ട് നമ്പർ - 45/20) | 2886920 | 0 |
| | | | 14247 | ജില്ലാ പഞ്ചായത്തിലേക്ക് തിരികെ ഒടുക്കിയ തുക | 14247 | 0 |
| ആകെ | 14247 | | 3864167 | | 3864167 | 0 |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരം

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

(I). വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| 2019-20 ൽ ലഭിച്ച വായ്പ Opening Balance - 3858817 Amount Received In 2019-2020 - 1993200 | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വായ്പ തുക | വിനിയോഗിക്കാനായി അവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഹഡ്കോ ലോൺ | ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുക | 5008119 | 5852017 | 843898 | 60 വീടുകൾ നിർമ്മിച്ച് നൽകി |

(II). വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (പലിശ ഉൾപ്പെടെ) | തൻവർഷം | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | വരവ് | തിരിച്ചടവ് | |
| ഹഡ്കോ ലോൺ | - | 29504017 | 27510817 | 19,93,200 | 23,72,472 | 2,71,31,545 |

## 4-5 സ്ഥിരനിക്ഷപങ്ങളുടെ വിവരം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2258465 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | പലിശ | 185461 | |
| 3 | ആകെ | 2443926 | |

| | | | |
|---|---|---|---|
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2443926 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിൻറെ വിവരം | നിക്ഷേപത്തിൻറെ വിവരം | തുക |
| | 1. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് - പഴയന്നൂർ | അക്കൌണ്ട് നമ്പർ - 80012284084 | 850693 |
| | 2. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് - പഴയന്നൂർ | അക്കൌണ്ട് നമ്പർ - 80011867690 | 500000 |
| | 3. പഞ്ചാബ് നാഷണൽ ബാങ്ക് - പഴയന്നൂർ | അക്കൌണ്ട് നമ്പർ - 433500PU00013231 | 1092233 |

ഇൻവെസ്റ്റ്മെന്റ് പ്രിഫറൻസ് ഷെയേഴ്സ് ഇനത്തിലുള്ള ₹1000/- വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 2013-2014 | 3-7 | 317 | ലത.എ.കെ മുൻ വൈസ് പ്രസിഡണ്ട് | 119050102801 02.07.2019 |
| 2015-2016 | 2-6 | 939 | സുനിത റഹ്മാൻ റംല മൻസിൽ | 119050103047 08.07.2019 |
| ആകെ | | 1256 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98693471 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92623827 |
| വരവിനങ്ങളിലുള്ള നഷ്ടം | 32720 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7341 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,06,360 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ സ്ഥിര മേൽവിലാസം |
|---|---|---|---|
| 2-1 | 22940 | ആർ.ശ്യാംകുമാരൻ, സെക്രട്ടറി | നെല്ലിക്കുന്നിൽ വീട് , കോലിയക്കോട്,വെഞ്ഞാറമൂട് പി ഒ, തിരുവനന്തപുരം |
| 2-2 | 9780 | ആർ.ശ്യാംകുമാരൻ | നെല്ലിക്കുന്നിൽ വീട് , |

| | | | |
|---|---|---|---|
| | | സെക്രട്ടറി | കോലിയക്കോട്, വെഞ്ഞാറമൂട് പി ഒ , തിരുവനന്തപുരം |
| 3-1 | 7341 | മഞ്ജുഷ.പി.എച്ച്, അസിസ്റ്റന്റ് എഞ്ചിനീയർ | കൊറശ്ശേരി ഹൗസ്, പൂയപ്പിള്ളി വടക്കേക്കര, പി.ഒ. നോർത്ത് പറവൂർ |
| ആകെ | 40061 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 29,990 | ശ്രീ. ആർ.ശ്യാംകുമാരൻ, സെക്രട്ടറി |
| 1-36 | 2,84,460 | ശ്രീ. ജോസഫ് ജോൺ തേറാട്ടിൽ, കൃഷി ഓഫീസർ |
| 1-41 | 2,99,766 | ശ്രീ. സുനിൽകുമാർ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-42 | 76,800 | ശ്രീ. സുനിൽകുമാർ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-43 | 1,97,149 | ശ്രീ. സുനിൽകുമാർ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-45 | 1,78,724 | ശ്രീ. സുനിൽകുമാർ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-46 | 1,39,471 | ശ്രീ. സുനിൽകുമാർ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 12,06,360 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആർ. ശ്യാംകുമാരൻ, സെക്രട്ടറി | സെക്രട്ടറി, പഴകുന്നേൽ ഗ്രാമ പഞ്ചായത്ത് | നെല്ലിക്കുന്നിൽ വീട്, കോലിയക്കോട് വെഞ്ഞാറമൂട് പി.ഒ, തിരുവനന്തപുരം |
| ശ്രീ. ജോസഫ് ജോൺ തേറാട്ടിൽ, കൃഷി ഓഫീസർ | ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബ്, അഗ്രി കോംപ്ലക്സ്, ചെമ്പൂക്കാവ്, തൃശ്ശൂർ | തേറാട്ടിൽ ഹൗസ്, മുണ്ടത്തിക്കോട് വെസ്റ്റ്, തൃശ്ശൂർ |
| ശ്രീ. സുനിൽകുമാർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പഴയന്നൂർ ഗ്രാമ പഞ്ചായത്ത് | കിഴക്കേവിള ഹൗസ്, ശ്രീബുദ്ധ ലൈൻ, കോലഴി.പി.ഒ. തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 77-78 | എൽ.എഫ്.ടി.എസ്.2-906/11 /18.7.11 |
| 80-81 | -ടി- |
| 81-82 | -ടി- |
| 82-83 | -ടി- |
| 83-84 | -ടി- |
| 84-85 | -ടി- |

| | |
|---|---|
| 86-87& 87-88 | -ടി- |
| 88-89 | |
| 89-90 | -ടി- |
| 99-00 മുതൽ 01-02 വരെ (പ്ലാൻ) | എൽ.എഫ്.ടി.10/1079/2003.തീ.9.4.04 /14.9.04 |
| 90-91 മുതൽ 95-96 വരെ | എൽ.എഫ്.ടി.പി.10/304/2008.തീ.9.7.09 |
| 96-97 ചെലവ് | എൽ.എഫ്.ടി.പി-4/185 തീ.13.3.14/5.4.14 |
| 97-98 ചെലവ് | |
| 97-98 വരവ് | |
| 98-99 വരവ് | |
| 98-99 ചെലവ് | |
| 99-2000, 2000-2001 (ജനകീയാ സൂത്രണം) | |
| 99-2000 | |
| 2000-2001 | |
| 2001-02 | |
| 98-99 | എൽ.എഫ്.ടി.പി.10-307/08 തീ.14.7.09 |
| 99-2000 | എൽ.എഫ്.ടി.പി.10-308/08 തീ.14.7.09 |
| 2000-2001 | എൽ.എഫ്.ടി.പി.10-309/08 തീ.14.7.09 |
| 2001-2002 | |
| 2002-2003 | എൽ.എഫ്.ടി.പി.10-1265/08 തീ.7.9.09 |
| 2003-2004 | എൽ.എഫ്.ടി.പി.10-1266/08 തീ.7.9.09 |
| 2004-05 | എൽ.എഫ്.ടി.പി.10-195/09 തീ.25.6.10 |
| 2005-06 | എൽ.എഫ്.ടി.പി.10-1348/09 തീ.28.7.10 |
| 2006-2007 | എൽ.എഫ്.ടി.പി.10-1336/09 തീ.29.7.10/10.12.10 |
| 2007-08 | എൽ.എഫ്.ടി.പി.-4.956/12 തി.2.8.12/5 /11/12 |
| 2008-2009 | എൽ.എഫ്.ടി.പി.4-957/12 തി.2.8.12/5/11/12 |
| 2009-2010 | എൽ.എഫ്.ടി.പി.4.958/12 തി.2.8.12/5/11/12 |
| 2010-2011 | എൽ.എഫ്.ടി.പി.4.959/12 തി.2.8.12/ 5/11/12 |
| 2011-12 | എൽ.എഫ്.ടി.പി.4.1151/13 തി.4.12.13/5.2.14 |
| 2012-13 | എൽ.എഫ്.ടി.പി.4.631/14 തി.8.10.14/8.12.14 |
| 2013-14 | എൽ.എഫ്.ടി. (പി4)186/15 തി, 7-5-2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ/ പി4/996/ 16, തീ.25.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ/ പി4/1934/16, തീ.5.11.16/5.12.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ/ പി4/1111/2017, തീ.30.08.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ/ പി4/771/2019, തീ.01.06.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ-പി4-1499/2019, തീ.06.12.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പഴയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പഴയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്